
www.malankaralibrary.com



www.malankaralibrary.com



# യുവജ്വാല

ത്രൈമാസ മാസിക

ലക്കം 4

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന മുഖപത്രം

For Private circulation only

Published by
Office Bearers, MCYM Pathanamthitta 2024-25

**Malankara Catholic Youth Movement**
**Pathanamthitta Diocese**

Upasana Pastoral Centre
Attarikam Omalloor P.O
Pathanamthitta Dist., Kerala -689647

mcymptadiocese@gmail.com
www.facebook.com/mcymptadiocese
www.instagram.com/mcymptadiocese

Design & Layout: Ajosh M Thomas, Kadammanitta

www.malankaralibrary.com

# Editorial ...



## പ്രത്യാശയുടെ ക്രിസ്തുമസ്

ലോകമെങ്ങും കർത്താവിന്റെ തിരുപ്പിറവിയുടെ നിറസ്മൃതികൾ ഉണർത്തി ഒരു ക്രിസ്തുമസ്കാലം കൂടി കടന്നു പോയിരിക്കുന്നു, ക്രിസ്തുമസ്ക്കാലം. വിശുദ്ധിയുടെ നിറവിൽ നിന്നും എളിമയുടെതട്ടിലേക്ക് ഇറങ്ങിവന്ന് തന്റെ ജനനം ഒരു ദൂതായി ഈ ലോകം മുഴുവനിലും അറിയിച്ചു. വർണ്ണശബളമായ നക്ഷത്രങ്ങളും, പുൽക്കൂടുകളും ഓരോ ഭവനത്തിലും പ്രകാശ രശ്മികൾ വിതറുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ഒരു നറു തിരി വെട്ടമെങ്കിലും നിറയ്ക്കുവാനും പകരുവാനും നമുക്ക് സാധിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.?

*അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.*

കരോൾ ഗാനങ്ങളിൽ മാറ്റുകൂട്ടുന്ന ഈ ദൂത്. സ്നേഹത്തിന്റെ വിത്തുകൾ നാമ്പെടുക്കുന്നത് നമ്മുടെ ഹൃദയത്തിൽ നിന്നും ആകണം. വചനത്തിന്റെ മാധുര്യം നിറയ്ക്കുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും സാഹോദര്യത്തിന്റെയും ക്ഷമയുടെയും പങ്കുവെക്കലിന്റെയും, എളിമയുടെയും ഒക്കെ ആഘോഷമാകണം ഈ തിരുപ്പിറവി. ജീവിതത്തിൽ വന്നുപോയ തെറ്റുകളുടെയും വീഴ്ചകളുടെയും പരാജയങ്ങളുടെയും ഇരുളിന്റെ അവസ്ഥയിൽ നിന്നും ഒരു നക്ഷത്രത്തിന്റെ വെട്ടമായി തെളിഞ്ഞു വരുവാൻ ഈ ദിവസം നമ്മെ ഓർമിപ്പിക്കുന്നുണ്ട് ചുറ്റുമുള്ളവർക്ക് ഒരു പ്രകാശമായി അവരെ കരുതുവാനും, കേൾക്കുവാനും അവരെ ചേർത്ത് പിടിക്കുവാനും നാം സന്നദ്ധരാകണം.പുതുമയുടെ നിറവിലേക്ക് കാലെടുത്ത് വയ്ക്കുന്ന നാം ഓരോരുത്തരും ഈ തിരുപിറവിയിൽ നാം സ്വീകരിക്കുന്ന എളിമയുടെയും കരുതലിന്റെയും തുടർച്ചയാകണം സ്വീകരിക്കേണ്ടത് .

ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ് പഴയത് കടന്നുപോയി
ഇതാ പുതിയത് വന്നു കഴിഞ്ഞു
2 കോറിന്തോസ് 5 : 17

ദൈവത്തിൽ പുതിയൊരു സൃഷ്ടിയായി തീരുവാൻ നമുക്ക് പ്രാർത്ഥനയോടെ ആയിരിക്കാം ലോകരക്ഷകന്റെ തിരുപിറവി ആഘോഷിക്കുന്ന ഈ നിമിഷങ്ങളിൽ നമ്മുടെ ഹൃദയങ്ങളിലും ഈശോ ജനിക്കുവാൻ തക്കവണ്ണം നമ്മെ ഒരുക്കിയെടുക്കാം.

*എല്ലാ പ്രിയപ്പെട്ടവർക്കും തിരുപ്പിറവിയുടെയും, പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു*

ഒത്തിരി സ്നേഹത്തോടെ,
സുബിൻ തോമസ്
ചീഫ് എഡിറ്റർ
ജനറൽ സെക്രട്ടറി

www.malankaralibrary.com

# Director's Voice



പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളെ,

പുതുവർഷത്തിന്റെ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. പ്രത്യാശയുടെ പാതയിലൂടെ യാത്രചെയ്ത് ഒരു പുതിയ വർഷത്തിലേക്ക് നാം കടക്കുമ്പോൾ, ദൈവാനുഗ്രഹത്തിന്റെ കാലഘട്ടമായി അതിനെ മാറ്റുന്നതിന് പ്രാർഥനയോടെ ഒരുങ്ങുവാൻ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു.

'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും' (ഫിലിപ്പി 4:13). ദൈവത്തിന്റെ ശക്തി നമ്മിൽ പ്രവർത്തിക്കുമ്പോൾ വലിയ കാര്യങ്ങൾ നേടിയെടുക്കുവാൻ നമുക്ക് സാധിക്കും. അതിനായി സ്വപ്നങ്ങൾ കാണണം. നമ്മുടെ ലക്ഷ്യത്തെ പിന്തുടരാനും അത് നേടിയെടുക്കുവാനുമുള്ള ആവേശവും, ആത്മവിശ്വാസവും നമുക്ക് ഉണ്ടാകണം. ക്രിസ്തുവിന്റെ അമൂല്യ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ട നാം തീർച്ചയായും വിലയേറിയവരാണ് എന്ന് തിരിച്ചറിയണം.

പുതുവർഷം നമുക്ക് ഏറെ പ്രധാനപ്പെട്ടതാണ്. വചനത്തിന്റെ കൂട്ടുപിടിച്ച്, പരിശുദ്ധാത്മാ ചൈതന്യത്താൽ ചെയ്തു മുന്നേറേണ്ട നിരവധി കാര്യങ്ങൾ നമുക്ക് മുമ്പിലുണ്ട്. പുനരൈക്യത്തിന്റെ 95-ാം വാർഷികഘോഷം പത്തനംതിട്ടയിൽ നടത്തപ്പെടുമ്പോൾ ആത്മീയതയും ആതിഥ്യമര്യാദയുമുള്ള, ആർജ്ജവത്വമുള്ള യുവ സമൂഹമായി നാം മുന്നിൽ ഉണ്ടാവണം. സാമൂഹിക മാറ്റത്തിന്റെ ചാലക ശക്തികളായ നാം മാറ്റത്തിനു തിരി തെളിക്കുന്നവരാകണം.

ഇന്നലെകളിലെ കുറവുകളെ ഇന്നിന്റെയും നാളെയുടെയും നിറവുകളാക്കി, പരസ്പര സ്നേഹവും സാഹോദര്യവും ഉയർത്തിപ്പിടിച്ച്, തെറ്റുനുനേരെ പൂർണബോധ്യത്തോടെ പ്രതികരിക്കുന്ന, നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്ന ഒരു യുവ സമൂഹമായി മാറാൻ നമുക്ക് സാധിക്കട്ടെ. നമ്മുടെ തന്നെ ഒരു മികച്ച പതിപ്പായി നാം മാറ്റപ്പെടുവാൻ നമുക്ക് ആഗ്രഹിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ആശംസകളോടെ...

ജോബച്ചൻ

www.malankaralibrary.com



# Presidential Desk

ഇതാ, സകല ജനത്തിനും വേണ്ടിയുള്ള സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.
ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു,
ഇന്നു ജനിച്ചിരിക്കുന്നു.
ലൂക്കാ 2 : 10 – 11

ഒരു ക്രിസ്തുമസ്സ് കാലം കൂടി നമ്മെ സന്ദർശിച്ച് കടന്നുപോയി, ഒരു പഴയ വർഷം യാത്രയായി വീണ്ടും ഒരു പുതുവർഷം വിരുന്നിനെത്തി. ഒരുപിടി നല്ല ഓർമ്മകളും, മനസ്സു നിറയെ സന്തോഷവും, കൈനിറയെ സമ്മാനങ്ങളും ഒക്കെയായി വന്നുപോയും നിൽക്കുന്ന ആഘോഷങ്ങൾക്കപ്പുറത്ത് ക്രിസ്തുമസ് നമ്മുടെ ജീവിതത്തെ സ്വാധീനിക്കുകയും, സഹായിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. കാരണം ക്രിസ്തുമസ് ഒരു പ്രതീക്ഷയാണ്... നമ്മെ രക്ഷിക്കുവാൻ പുൽക്കൂട്ടിൽ വന്നു പിറന്ന ദൈവം നമ്മുടെ ജീവിത സാഹചര്യങ്ങളുടെ പച്ചയായ യാഥാർത്ഥ്യങ്ങളിൽ നമ്മെ സഹായിക്കാനായി രൂപപ്പെടും എന്ന പ്രതീക്ഷ.. ഈ പ്രതീക്ഷ നമ്മിലേക്ക് വിരുന്നിനെത്തുന്ന ക്രിസ്തുവിനെപ്പോലെ അപരനിലേക്ക് എത്തുവാൻ നമ്മെ സഹായിക്കുന്നു... ഇപ്രകാരം സകലരിലും സകലരിലും ദൈവത്തെ ദർശിക്കുന്ന ആത്മീയ നവീകരണം തിരുപ്പിറവിയുടെ പുണ്യ ദിനങ്ങൾ നമുക്ക് പ്രധാനം ചെയ്യുന്നു . അതുകൊണ്ട് ഇടനെഞ്ചിൽ നിന്ന് ഉയരുന്ന പ്രാർത്ഥന ഇപ്രകാരമാകട്ടെ ദൈവമേ നിന്നെ കണ്ടുമുട്ടുന്ന ഇടങ്ങളും, വ്യക്തികളും, സാഹചര്യങ്ങളും നിനക്കായി എന്നിൽ ഒരു പുൽക്കൂട് ഒരുക്കട്ടെ... നീ എന്നിലേക്ക് വിരുന്നിനെത്തുന്ന ഇനി എന്നും എനിക്ക് ക്രിസ്തുമസ് ആകട്ടെ... എല്ലാവരെയും ഉൾക്കൊള്ളുന്ന പുൽക്കൂട് പോലെ വിശാലമായ എന്റെ ഹൃദയത്തിൽ നീ രൂപപ്പെട്ട് എന്നെ നീ ആക്കുന്ന പുണ്യ ജനനത്തിൽ ഞാനിനി നവീകരിക്കപ്പെട്ട് പുതുമയോടെ പുതുവർഷത്തെ സ്വീകരിക്കട്ടെ... നടന്നുപോയ വഴിത്താരകളിലും, പറഞ്ഞുപോയ വാക്കുകളിലും, ഒന്നും ഉരിയാടാതെ മൗനം അവലംബിച്ച നേരങ്ങളിലും, ചെയ്തുപോയ പ്രവർത്തികളിലും, മനപ്പൂർവ്വം മറന്നുപോയ നിമിഷങ്ങളിലും ഒക്കെ ഒരു തിരിഞ്ഞുനോട്ടം നടത്തി ജീവിതം തീർത്ഥാടനം ആക്കുവാൻ പടിയിറങ്ങുന്ന വർഷത്തിന്റെ അനുഭവങ്ങൾ എന്റെ ഉള്ളിൽ വെളിച്ചം വീശട്ടെ... ഇനിയും വറ്റാത്ത നന്മകൾ മുറുകെപ്പിടിച്ച്, സ്നേഹത്തിലും, കരുതലിനും ജീവിതം ഒന്നു കൂടി കരുപിടിപ്പിക്കാൻ പ്രത്യാശയോടെ പുതിയ വർഷത്തെ സമീപിക്കാം....

നന്മകളും ഭാവുകങ്ങളും നേരുന്നു....

ജയ് എം സി വൈ എം
ബിബിൻ എബ്രഹാം
ഭദ്രാസന പ്രസിഡന്റ്

www.malankaralibrary.com





**ജോൺസി പി ജോൺ**
ജോയിന്റ് സെക്രട്ടറി
പത്തനംതിട്ട വൈദിക ജില്ല

# വചന വർഷം: ഇന്നിന്റെ പ്രസക്തി

ഈ ലോകത്തിലായിരിക്കുകയും അതേ സമയം ലോകത്തിന്റേതല്ലാതിരിക്കുകയും ചെയ്യുക (**Be in the world and not of it**). മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം വചന വർഷമായി ആചരിക്കുന്ന ഈ പശ്ചാത്തലത്തിൽ വചന വർഷത്തിൽ ഇന്നിന്റെ പ്രാധാന്യത്തെപ്പറ്റി വിചിന്തനം ചെയ്യുന്നത് തികച്ചും അത്യന്താപേക്ഷിതമാണ്. ഈ ലോകത്തിലായിരിക്കുകയും എന്നാൽ ഈ ലോക ജീവിതത്തോട് അനുരൂപനാകാതെ പിതാവിന്റെ ഇഷ്ടം മാത്രം അനുസരിച്ച് ജീവിച്ച ദൈവത്തിന്റെ പുത്രൻ, വചനം മാംസമായവൻ.

ക്രിസ്തീയത ദൈവത്തിന്റെ പരമസത്തയുടെ പ്രതീകമാണ് എങ്കിൽ, ആത്മീയത അതെല്ലാവർക്കും എല്ലാ അവസ്ഥയിലും ബാധകമായ ഒരു കാര്യമാണ്. അതിലേക്ക് നമ്മെ നയിക്കുന്നതാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്ന വചനം. അതിനെ തള്ളിക്കളയുന്നത് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ തള്ളികളയുന്നതുപോലെയാണ് എന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. ദൈവവചനത്തിന്റെ സ്വാഭാവികമായ ഉൻമുഖത എന്നത് മാംസം ധരിക്കുക എന്നതാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. അവൻ ഉണ്ടാകട്ടെ എന്ന് പറഞ്ഞപ്പോൾ സകലതും ഉണ്ടായി ( ഉൽപ്പത്തി 1) വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1: 14). വചനത്തിന്റെ മനുഷ്യരൂപമായ യേശുക്രിസ്തുവാണ് എല്ലാ വചനാവതാരങ്ങളുടെയും മാതൃകയും മാർഗവും.

നിത്യജീവന്റെ വഴികളിലേക്ക് അന്വേഷണം തുടരുന്ന മനുഷ്യന്റെ പരിശുദ്ധമായ ക്രിസ്തീയ ജീവിതത്തിലെ അമൂല്യമായ ആത്മീയ നിധിയാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്ന വചനം. പക്ഷേ പല കാരണങ്ങളാൽ, സാധാരണ ക്രിസ്ത്യാനികൾക്ക് ഇന്നും അതൊരു കുഴിച്ചുമൂടപ്പെട്ട നിധിതന്നെയായി തുടരുന്നു. അതുകൊണ്ട് തന്നെ ഒരു പ്രശ്ന പരിഹാര മാർഗമായി ഇന്ന് പലപ്പോഴും ആശ്രയിക്കുന്നത് മറ്റ് പലതിനെയുമാണ്.

മനുഷ്യന്റെ ചിന്താരീതികളെയും, പഠനശേഷിയെയും എന്തിനേറെ മനുഷ്യന്റെ തീരുമാനങ്ങളെ വരെ നിയന്ത്രിക്കാവുന്ന നിർമിത ബുദ്ധിയുടെ കാലമാണിത്. ആത്മീയതയുടെ തലത്തിലും മനുഷ്യന്റെ ചിന്തയ്ക്ക് ഉൾക്കൊള്ളുവാനാവാത്ത ചില ചോദ്യങ്ങളുമായി ആധുനിക സങ്കേതിക വിദ്യകളിൽ അഭയം പ്രാപിക്കുമ്പോൾ ദൈവവചനം പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. അനേക വർഷം വചനത്തിലും വിശ്വാസത്തിലുമധിഷ്ഠിതമായി വളരുന്നു എന്ന് നാം കരുതുന്ന നമ്മുടെ മക്കൾ പൊടുന്നനെ വിശ്വാസം ഉപേക്ഷിച്ച് കടന്ന് പോകുന്നതിന്റെ എണ്ണം ഇന്ന് വർധിച്ചിരിക്കുകയാണ്.

നന്മയും തിന്മയും തമ്മിൽ വേർത്തിരിച്ചറിയുവാനുള്ള കഴിവ് ഇന്നത്തെ വിശ്വാസ സമൂഹത്തിന് നഷടപ്പെട്ടുകൊണ്ടിരിക്കുന്നു. വചന ഗ്രന്ഥത്തെ പൂജ്യമായിക്കരുതി ചുംബിക്കുന്നതിനും അലങ്കരിച്ച് പള്ളിക്കകത്തും പുറത്തും ഘോഷയാത്രയിൽ സംവഹിക്കുന്നതിനും, അതുപോലെ വചനത്തിന്റെ ലിഖിതരൂപങ്ങൾക്ക് തികച്ചും വാചികമായ അർഥം കൽപ്പിക്കുന്നതിനും താൽപര്യമെടുക്കുന്ന സമീപനത്തിൽ വചനത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നതിനോ അതിന്റെ സന്ദേശം ഉൾകൊണ്ട് അത് ജീവിതത്തിൽ പകർത്തുന്നതിനോ വേണ്ടത്ര പ്രാധാന്യം നൽകപ്പെടുന്നില്ല. മാത്രമല്ല തിരുവചനത്തെ ഒരുതരം വിഗ്രഹാരാധനയുടെ തലത്തിലേക്ക് കൊണ്ടുവരാനുള്ള പ്രവണതയും ഈ സമീപനത്തിലുണ്ട്. ആധുനിക ജീവിതത്തിന്റെ പിരിമുറുക്കം സൃഷ്ടിക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ വചന വായനയെക്കുറിച്ചുള്ള ഒരവബോധം നമുക്കാവശ്യമാണ്.

**എന്താണ് ഈ വചനം.?**

അനാദിയിലെ പിതാവായ ദൈവത്തിൽ നിന്നും ജനിച്ച പിതാവിന്റെ ചിന്തയും, മനസ്സും, വാക്കും, സ്വരവുമാണ് ദൈവവചനം. അത്കൊണ്ടാണ് യേശുവിന്റെ പരസ്യ ജീവിത കാലത്ത് അനേകം ആളുകൾ അവന്റെ വചനം കേൾക്കാൻ തിങ്ങിക്കൂടിയിരുന്നത്. ഈ വചനത്തിന്റെ ശക്തിയിൽ ഈശോ അനേകം രോഗികൾക്ക് സൗഖ്യവും പാപമോചനവും പിശാചിന്റെ മേൽ വിജയവും നേടി.

തടവറയിലെ അത്ഭുതകരമായ ദൈവിക പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച കാവൽക്കാരന്റെ ഭവനത്തോട് പൗലോസും സീലാസും വചനം പ്രസംഗിച്ചു എന്ന് നമ്മൾ വായിക്കുന്നുണ്ട്. അവർ അവനോടും അവന്റെ വീട്ടിലുള്ളവരോടും കർത്താവിന്റെ വചനം പ്രസംഗിച്ചു അപ്പ. 16:32).

വചന വായനയിലൂടെ ഒരുവൻ ദൈവതിരുമുമ്പിൽ തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു. പൂർണ ശ്രദ്ധയോടും ഉണർവോടും ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ ഉളവാകുന്ന , അവിടുത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷയാണത്. വചന വായനയിലൂടെ ആന്തരിക നിശബ്ദതയെയും നമ്മിലെ ശൂന്യതയെയും ദൈവത്തിന്റെ ശക്തിയാൽ നിറയുന്നു. നമ്മുടെ നേർക്കുള്ള പിതാവിന്റെ അനന്ത സ്നേഹത്തെക്കുറിച്ച് നമ്മുടെ ഹൃദയത്തിൻ പരിശുദ്ധാത്മാവ് അവിരാമം സംസാരിക്കുന്ന സമയമാണ്.

ക്രിസ്തുവിന്റെ കൂദാശയായ കുടുംബത്തിൽ അവിടുത്തെ രക്ഷാകര സാന്നിദ്ധ്യം ഒരു അനിവാര്യതയാണ്. വചനം മാംസമായി ഭൂമിയിലവതരിച്ചവൻ (യോഹ. 1) ഇന്ന് ദൈവവചനത്തിലൂടെ നമ്മുടെ ഭവനങ്ങളിൽ മാംസം ധരിക്കുന്നുണ്ട്. വചന വായനയാണ് ഒരു കുടുംബത്തിന്റെ ശക്തിയുടെ പ്രഭവകേന്ദ്രം. ദൈവാനുഗ്രഹം ഒഴുകി വരുന്ന നീർച്ചോലയാണത്. വചന വായന ദൈവം മനുഷ്യ ബന്ധത്തിന്റെ സമുന്നത ഭാവമാണ്. പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ വചനത്തെ തിരുസഭയുടെ സ്വഭാവത്തിന്റെ ഭാഗമായി നിർവചിച്ചു. പരിശുദ്ധ പിതാവ് തന്റെ ആദ്യ ചക്രികലേഖനത്തിൽ ഇപ്രകാരം എഴുതി: സഭയുടെ ഏറ്റവും അഗാധമായ സ്വഭാവം വെളിപ്പെടുന്നത് മൂന്നു തലങ്ങളിലുള്ള ഉത്തരവാദിത്വ നിർവഹണത്തിലാണ്: കൂദാശകളുടെ പരികർമം **(leitourgia)**, ഉപവി പ്രവർത്തനം **(diakonia),** വചനപ്രഘോഷണം **(kerygma).**

ഈശോയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രകാശിതമായ ദൈവിക ചൈതന്യം സഭാമക്കൾ സ്വന്തം ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ വചന വായനയിലൂടെ മാത്രമേ സാധിക്കൂ. ദൈവത്തിന്റെ സ്നേഹവും കാരുണ്യവും ആഴത്തിൽ അറിയുവാനും അനുഭവിക്കുവാനും പങ്കുവയ്ക്കാനുമുള്ള സവിശേഷമായ വേദിയാണ് വചന വായന.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സുവിശേഷത്തിന്റെ സന്തോഷത്തിൽ ഇപ്രകാരം പറയുന്നു, ദൈവത്തെ നാം എന്തെല്ലാം വിരസതരീതികൾക്കുള്ളിൽ അടച്ചു പൊതിഞ്ഞുവെച്ചാലും അവയെല്ലാം തകർത്ത് പുറത്തുവരുവാൻ അവിടുത്തേക്ക് കഴിയും. ദൈവത്തിന്റെ വിസ്മയനീയത നാം തിരിച്ചറിയുന്നത് പ്രധാനമായും അവിടുത്തെ സ്വരം കേൾക്കുമ്പോഴാണ്.

വിശുദ്ധ ബൈബിളിലെ യേശുവിനെ ആഴത്തിൽ അറിയുവാനും അനുഭവിക്കുവാനും അങ്ങനെ യേശുവുമായി ആഴത്തിലുള്ള വ്യക്തിബന്ധത്തിൽ വളരുവാനുമാണ് വചനവർഷം ലക്ഷ്യം വയ്ക്കുന്നത്. വിശുദ്ധ ജെറോം പറയുന്നു: വിശുദ്ധ ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത യേശുക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെ. വിശുദ്ധ ദൈവ വചന വായനയിലൂടെ ഈശോ നമ്മുടെ ഉള്ളിൽ വസിക്കുന്നു.

ഈശോമിശിഹായുടെ അനന്യതയും വ്യതിരിക്തതയും നമുക്ക് എന്നും നലം തികഞ്ഞ ബോധ്യമാകേണ്ടതുണ്ട്. പ്രത്യേകിച്ച് വൈവിധ്യമാർന്ന സംസ്കാരങ്ങളും മതവിശ്വാസങ്ങളും വീക്ഷണങ്ങളുമുള്ള സമകാലിക പശ്ചാത്തലത്തിൽ. മതങ്ങളുടെയും സംസ്കാരങ്ങളുടെയും ബഹുസ്വരതയെ അംഗീകരിച്ചാദരിക്കുമ്പോഴും ഈശോയുടെ വചനത്തിന്റെ അനന്യത നമുക്ക് ആഴമായ അനുഭവമായിരിക്കട്ടെ. മൃത്യു സംസ്കാരത്തിന്റെ അതിപ്രസരത്തിൽ ജീവന്റെ സംസ്കാരത്തിന് ഉദയം കൊടുക്കുവാൻ കെൽപ്പുള്ള വിശ്വാസ സമൂഹം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

# രക്ഷകനെ തേടി...



**ആൻ മേരി മാത്യൂസ്**
സെക്രട്ടറി, ഇലന്തൂർ യൂണിറ്റ്

സ്നേഹത്തിന്റെയും ജീവന്റെയും, നിത്യവും അനന്തവുമായ ഒരു കൂട്ടായ്മയാണ് പരിശുദ്ധ ത്രിത്വത്തിൽ നമുക്ക് വെളിവാകുന്നത്. ആ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും വിശുദ്ധ രഹസ്യങ്ങൾ മനുഷ്യമനസ്സുകളിൽ പൂർത്തീകരിക്കുവാൻ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1:14). നമ്മോടു സംസാരിക്കുന്നതിനും നമുക്ക് പറയാനുള്ളത് കേൾക്കുന്നതിനുമാണ് വചനം മാംസമായി നമ്മോടൊപ്പം യാത്ര ചെയ്തത്. രക്ഷകനായി നമ്മുടെ ഇതിൽ ഭൂജാതനായ ക്രിസ്തുനാഥനെ, ജീവിതത്തിൽ നാം സ്വീകരിക്കുന്ന തിരുപ്പിറവിയുടെ മഹനീയമായി നാളുകളിൽ ഏവർക്കും ജനന തിരുനാളിന്റെ ആശംസകൾ നേരുകയാണ്.

ഒപ്പം നടന്നു വചനം പകർന്നു തന്ന രക്ഷകനെ മനസ്സ് തുറന്ന് കാണുവാനും കേൾക്കുവാനും അനുഭവിക്കുവാനും സാക്ഷ്യം നൽകുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ആ ദൗത്യം തിരിച്ചറിയുമ്പോഴാണ് ലോകരക്ഷകനുമായി സംസർഗത്തിലാക്കുവാനും ത്രിത്വത്തിന്റെ മഹനീയ രഹസ്യത്തെ മനസ്സിലാക്കുവാനും നമുക്ക് സാധിക്കുക.


യുദ്ധങ്ങളും സംഘർഷങ്ങളും ദാരിദ്ര്യവും രോഗങ്ങളും ദുരിത പൂർണ്ണമാക്കിയ ഇന്നത്തെ ലോകത്തിൽ പ്രതീക്ഷയുടെ തിരിനാളം തെളിച്ചുകൊണ്ടാണ് ക്രിസ്തു കടന്നുവരുന്നത്. അന്ധകാരം നിറഞ്ഞ ഒരു ലോകത്തേക്ക് ദൈവികമായ പ്രകാശമായി, സൃഷ്ടലോകത്തിന് സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹം പകർന്നുകൊണ്ടാണ് അവനെത്തുന്നത്. അവനിൽ വിശ്വസിക്കുന്ന, അവനെ നാഥനും രക്ഷകനുമായി അംഗീകരിക്കുകയും പിഞ്ചെല്ലുകയും ചെയ്യുന്ന ഏവർക്കും അനുഗ്രഹമായി നിത്യരക്ഷ അവൻ വാഗ്ദാനം ചെയ്യുന്നു.

ഏവർക്കും തൊട്ടറിയാൻ സാധിക്കുന്ന, സഹാനുഭൂതിയോടെ മാനവരാശിയെ സ്നേഹിക്കുകയും അവരിലേക്ക് സ്നേഹം പകരുകയും ചെയ്യുന്ന ഒരു ദൈവമാണവൻ. ലോകത്തിന് പ്രകാശവും, സ്വാതന്ത്ര്യവും, ജീവനും, രക്ഷയും പകരാനെത്തുന്ന ഈ യേശുവിനെ നമുക്ക് ജീവിതത്തിൽ നാഥനായി സ്വീകരിക്കുവാൻ സാധിക്കുമ്പോഴാണ് ക്രിസ്തുമസും നമ്മുടെ ജീവിതവും അർത്ഥപൂർണ്ണമാകുന്നത്.

യുവജനങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം നാം അഭിസംബോധന ചെയ്യേണ്ട ഒട്ടനേകം കാര്യങ്ങൾ സമൂഹത്തിലുണ്ട്. നമ്മുടെ തിരക്കുകളും സ്വാർത്ഥതയും അത്തരം കാര്യങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ നിന്നും നമ്മെ മാറ്റിനിർത്താറുണ്ട്. ആത്മീയമോ ഭൗതികമോ സാമൂഹികമോ രാഷ്ട്രീയമോ ആയ ഏതൊരു കാര്യത്തിലും ഇടപെടുവാൻ ക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്.

പുൽക്കൂട്ടിലെ രക്ഷകനെ തേടി നാം യാത്ര ചെയ്യുമ്പോൾ, അവൻ പറയാനും ചെയ്യാനും ആഗ്രഹിച്ചത് എന്താണോ അത് പൂർത്തീകരിക്കുക എന്ന ചുമതല കൂടി നമുക്കുണ്ട്. നമ്മുടെ രക്ഷകനായ ക്രിസ്തുവിനെ ഹൃദയം കൊണ്ട് ചേർത്തുപിടിക്കുക, ഹൃദയം അവനിൽ സമർപ്പിക്കുക. പുൽക്കൂട്ടിലെ ഉണ്ണീശോ നമ്മുടെയും, ലോകത്തിന്റെ എല്ലാ ഇടങ്ങളിലും വേദനയിലും ദുരിതങ്ങളിലും ജീവിക്കുന്ന ഓരോ മനുഷ്യരുടെയും ഹൃദയങ്ങളിൽ ആനന്ദവും ആശ്വാസവും നിറയ്ക്കട്ടെ. ക്രിസ്തുവിന്റെ പ്രകാശം നമുക്ക് വഴികാട്ടിയാകട്ടെ.

www.malankaralibrary.com




**അലിന മറിയം വർഗീസ്**
വകയാർ യൂണിറ്റ്
കോന്നി വൈദിക ജില്ല

# പുതിയ വർഷം, പുതിയ പ്രതീക്ഷകൾ

തിരുപിറവി ആഘോഷങ്ങളുടെ തിരക്കുകൾ കഴിഞ്ഞു. ഇനിയിപ്പോൾ നാം പുതുവർഷപ്പിറവിയുടെ ഒരുക്കത്തിലാണല്ലോ. പുതുവർഷത്തിന്റെ അരികിൽ നി ൽക്കുമ്പോൾ, പുതിയ അവസരങ്ങൾക്കും, ഒരു പുതിയ തുടക്കത്തിനുമുള്ള ആവേശമാണ് നമ്മുടെ മനസ്സുകൾ നിറയ്ക്കുന്നത്. വർഷം മാറുന്നത് ഒരു കലണ്ടർ മാറ്റം മാത്രമല്ല, അത് ദൈവത്തിൽ നമുക്ക് ലഭിച്ച ദിവ്യമായ ക്ഷണമാണ്. നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി, ഒരു പുതിയ സൃഷ്ടി ആകുവാനും വിശ്വാസത്തിൽ വളരുവാനുമുള്ള അവസരം.

പുതുവർഷ പ്രതിജ്ഞകൾ പലപ്പോഴും ആത്മവികസനത്തിനും ജീവിത വിജയത്തിനുമുള്ളതായിരിക്കും. എങ്കിലും നമ്മുടെ യഥാർത്ഥ പ്രതീക്ഷ ഭൂമിയിലെ നേട്ടങ്ങളിൽ അല്ല, ദൈവത്തിൽ ആയിരിക്കുവാൻ നാം ശ്രദ്ധിക്കണം. ഹെബ്രായർ 6:19ൽ ക്രിസ്തുവിലുള്ള പ്രത്യാശയെ **ആത്മാവിന്റെ സംരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം** എന്ന് വിശേഷിപ്പിക്കുന്നു. ഈ പ്രതീക്ഷ നമ്മെ ഭയരഹിതരായി ദൈവത്തിന്റെ വഴികളിൽ മുന്നോട്ട് നയിക്കുന്നു. ക്രിസ്തുവിന്റെ പ്രതീക്ഷ നമ്മുടെ ഹൃദയങ്ങൾക്ക് സമാധാനം പകരുന്നതാണ്. ലോകം മാറിയാലും, അനിശ്ചിതത്വങ്ങൾ ഉണ്ടാകുമ്പോഴും ക്രിസ്തുവിൽ നമുക്ക് ഉറപ്പായും ഒരു പ്രതീക്ഷ ഉണ്ടെന്ന് ഈ വചനം നമ്മെ ഓർമപ്പെടുത്തുന്നു.

ക്രിസ്തീയ വിശ്വാസം നമ്മെ ഓർമിപ്പിക്കുന്നു, ഓരോ നിമിഷവും ഒരു പുതിയ തുടക്കത്തിനുള്ള അവസരമാണെന്ന്. **കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്** എന്ന് വിലാപങ്ങൾ 3:22-23ൽ പറയുന്നു. ദൈവത്തിന്റെ കരുണ വിശാലവും അവന്റെ സ്നേഹം പകരം നൽകാൻ കഴിയാത്തവയുമാണ്. ഈ അവസരത്തിൽ പുതിയ നിയമത്തിലെ **ഉപമകളുടെ ഉപമ** എന്നറിയപ്പെടുന്ന ധൂർത്ത പുത്രന്റെ ഉപമയും ഇവിടെ ചിന്താവിഷയമാക്കുന്നത് തികച്ചും ഉചിതമാണ്. മുൻപ് സ്വന്തം ഇഷ്ടമനുസരിച്ച് ജീവിച്ചപ്പോൾ തന്റെ തെറ്റ് തിരിച്ചറിയാതിരുന്ന ആ പുത്രൻ പിന്നീട് സ്വന്തം ഇഷ്ടം പൂർണ്ണമായി വെടിഞ്ഞ് പിതാവിന്റെ ഇഷ്ടത്തിന് കീഴ്‌വഴങ്ങുന്ന ദാസനാകുന്നു. സ്വന്തം തെറ്റ് തിരിച്ചറിയുന്നതിന്റെയും, ആ തെറ്റ് ഏറ്റുപറയാൻ സ്വയം തീരുമാനം എടുക്കുന്നതിന്റെയും, അവ തുടർജീവിതത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ പരിഹാരനിലപാട് സ്വയം ഏറ്റെടുക്കുന്നതിന്റെയും വിശുദ്ധ ഗ്രന്ഥത്തിലെ ഏറ്റവും നല്ല ഉദാഹരണമാണിത്. ഇത്തരമൊരു പുതുപിറവിയാണ് ഈ പുതുവർഷത്തിൽ ദൈവം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്.

ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് ഓരോ പുതിയ വർഷവും പുതിയ പ്രതീക്ഷകളുടെ പിറവിയാകുന്നു. നമ്മുടെ യുവ തലമുറയെ ഫ്രാൻസിസ് മാർപ്പാപ്പ പലപ്പോഴും പ്രതീക്ഷയുടെ തീർത്ഥാടകർ എന്ന് വിളിക്കാറുണ്ട്. അനിശ്ചിതത്വവും കഷ്ടതയും നിറഞ്ഞ ഒരു ലോകത്തിൽ, ക്രിസ്തുവിന്റെ സ്നേഹവും സന്തോഷവും പങ്കുവയ്ക്കുവാൻ നാം വിളിക്കപ്പെട്ടവരാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉപകരണങ്ങളായി നിൽക്കുമ്പോൾ, നമ്മുടെ ചുറ്റുമുള്ളവർക്കായി നാം അവന്റെസമാധാനവുംസന്തോഷവുംപ്രചരിപ്പിക്കാം.ക്രിസ്തുമസ് ദിനം കഴിഞ്ഞാൽ യാഥാർത്ഥ്യത്തിന്റെയും പ്രതീക്ഷകളുടെയും പുതിയ തുടക്കം ലോകമെമ്പാടുമുള്ളവർക്ക് എത്തുന്നു. പുതിയ വർഷം, പഴയ പിഴവുകളെയും കടന്നുപോയ ദുഃഖങ്ങളെയും മാറ്റി നിർത്തി, നല്ല കാര്യങ്ങൾക്കുള്ള അവസരങ്ങളാക്കിതീർക്കാം. ഈ വർഷം നമ്മുടെ വിശ്വാസം ആഴമാക്കപ്പെടട്ടെ, നമ്മുടെ സ്നേഹം തെളിയട്ടെ, നമ്മുടെ പ്രതീക്ഷ മറ്റുള്ളവർക്ക് പ്രചോദനമാകട്ടെ.

www.malankaralibrary.com



**അഡ്വ.ശ്രുതി തോമസ്**
വി.കോട്ടയം യൂണിറ്റ്
കോന്നി വൈദിക ജില്ല

# ജനാധിപത്യവും വിശ്വാസ ജീവിതവും യുവജനങ്ങളുടെ ഭാവിയും

ആധുനിക യുഗത്തിലാണ് ഓരോ യുവജനങ്ങളും ഇന്ന് ജീവിക്കുന്നത്. മനുഷ്യന്റെ വളർച്ചയിൽ ആധുനികതയുടെ പങ്ക് മാത്രം കണക്കിലെടുത്ത് മനുഷ്യൻ ജീവിക്കുന്നു. മതത്തെയും വിശ്വാസത്തെയും ചേരിതിരിവുകളുടെ കാരണങ്ങളായി മാത്രം മനുഷ്യൻ സമീപിക്കുന്നു. സാമൂഹികവും സാംസ്കാരികവുമായ നീതിയും സമത്വവും മനുഷ്യൻ അങ്ങേയറ്റം പുണരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസങ്ങൾക്ക് അപ്പുറമായി രാഷ്ട്രീയത്തിനും അധികാരങ്ങൾക്കും മനുഷ്യൻ വില കൊടുക്കുന്നു. ഈ സാഹചര്യത്തിലാണ് ജനാധിപത്യവും വിശ്വാസ ജീവിതവും യുവജനങ്ങളുടെ ഭാവിയും എപ്രകാരം ബന്ധപ്പെട്ട് കിടക്കുന്നതെന്ന് നമുക്ക് കാണുവാൻ സാധിക്കുന്നത്.

## ജനാധിപത്യം

ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് സ്വതന്ത്രമായ ഇന്ത്യയുടെ ആദ്യത്തെ ലക്ഷ്യം എല്ലാവരെയും തുല്യരാക്കുന്ന എല്ലാവർക്കും അവകാശങ്ങൾ ലഭിക്കുന്ന ഒരു ഭരണഘടന സൃഷ്ടിക്കുക എന്നതായിരുന്നു. ഈ നിയോഗം പൂർത്തീകരിച്ചുകൊണ്ട് ഭരണഘടനാ ശില്പികൾ ഇന്ത്യയെ ഒരു ജനാധിപത്യ രാഷ്ട്രമായി ഭരണഘടനയിൽ വരച്ചു ചേർത്തു. **'ഇന്ത്യൻ സാമ്രാജ്യത്തിലെ അംഗങ്ങളായ നാം ഓരോരുത്തരും ഒത്തൊരുമയുടെ ഇന്ത്യയെ ജനാധിപത്യവും തുല്യതയും മറ്റ് മൗലിക അവകാശങ്ങളും നൽകുന്ന രാജ്യമായി രൂപപ്പെടുത്തുന്നു.'** എന്നത് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലൂടെ നമുക്ക് വ്യക്തമായി കാണാൻ സാധിക്കും. **'ജനങ്ങൾക്ക് വേണ്ടി ജനങ്ങളിൽ നിന്ന് ജനങ്ങളാൽ'** ജനാധിപത്യത്തെ ഇതിലും എളുപ്പത്തിൽ വിശദീകരിക്കാൻ മറ്റു മാർഗങ്ങൾ നൽകപ്പെട്ടിട്ടില്ല.

## വിശ്വാസ ജീവിതം

മനുഷ്യനായി ഈ ലോകത്തിലേക്ക് ജനിച്ചു വീഴുന്ന ഓരോ ശിശുവിനും തന്റെ വ്യക്തിത്വം വ്യക്തമാക്കുവാൻ ഏതെങ്കിലും ഒരു വിശ്വാസത്തിന്റെയോ മതത്തിന്റെയോ തലക്കെട്ട് ഉണ്ടായിരിക്കുന്നതാണ്. ജീവിതത്തിന്റെ യാത്രയിൽ ഈ തലക്കെട്ട് ചേർത്ത് പിടിക്കുവാനും ഉപേക്ഷിക്കാനും മനുഷ്യന് അവകാശമുണ്ട്. ക്രിസ്തുവിന്റെ അനുയായികളാണ് ക്രിസ്ത്യാനികൾ. **'നിങ്ങളെ വിളിച്ചു വേർതിരിച്ചവനെ നിങ്ങൾ അറിയുന്നില്ലേ'** എന്ന പൗലോസ് ശ്ലീഹായുടെ വാക്ക് ഇവിടെ ഏറെ പ്രസക്തമാണ്. മാതാപിതാക്കൾ നൽകുന്ന വിശ്വാസത്തിനപ്പുറം ജീവിതത്തിന്റെ വഴിയിൽ ക്രിസ്തുവിനെ ദർശിക്കാതെ മുന്നോട്ടുപോകാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കുകയില്ല. ക്രിസ്തുവിനെ ഉപേക്ഷിച്ചു പോയാലും ചേർത്തുനിർത്തുന്ന ആ സ്നേഹം നല്ല ഇടയനെ പോലെ നമ്മെ തിരികെ വിളിക്കുന്നു.

**യുവജനങ്ങളുടെ ഭാവി**

സാംസ്കാരികവും സാമൂഹികവും ആശയവിനിമയവും ആധുനികതയും കുതിച്ചുയരുന്ന ഒരു ലോകത്താണ് നാം ഇന്ന് ആയിരിക്കുന്നത്. തുറവിയോടു സംസാരിക്കുവാനും,കേൾക്കുവാനും പ്രകടിപ്പിക്കുവാനും യുവതലമുറ ഇന്ന് തയ്യാറാണ്. ജോലി സംബന്ധവും, ഭാവി സംബന്ധവുമായ എല്ലാ മേഖലയിലും യുവജനങ്ങൾക്ക് ഇത് പുത്തൻ അറിവുകളുടെയും ഉണർവുകളുടെയും കാലമാണ്. യുവത്വത്തിന്റെ പ്രസരിപ്പ് മാത്രമല്ല പലതരം വിഭവങ്ങൾ യുവജനങ്ങൾക്ക് ഇന്ന് ഉപയുക്തമാണ്. അങ്ങനെ ജീവിതത്തിന്റെ ഏറ്റവും ഭംഗിയേറിയ ആധുനികതയുടെ സുഖമുള്ള ജീവിതമാണ് വരുംകാലങ്ങളിലും സമൂഹം നമുക്ക് നൽകുന്നത്.

**ജനാധിപത്യവും വിശ്വാസവും യുവജന ഭാവിയും**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിനോട് ചേർന്ന് വിശുദ്ധിയുള്ള ജീവിതം നയിക്കുവാൻ ആണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നത്. എന്നാൽ ജനാധിപത്യത്തെയും വിശ്വാസത്തെയും ഒരു നാണയത്തിന്റെ ഇരുവശങ്ങളായി കാണുവാൻ നമുക്ക് സാധിക്കണം. ഇന്ന് സംഭവിക്കുന്നത് മറിച്ചാണ്. യുവതലമുറ തങ്ങളുടെ ഭാവി സുരക്ഷ എന്ന ചിന്തയിൽ വിശ്വാസ സത്യത്തെ തള്ളിപ്പറഞ്ഞ രാഷ്ട്രീയവും സാമൂഹികവുമായ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. വിശ്വാസത്തെ തള്ളിപ്പറഞ്ഞാലും ജനാധിപത്യം എന്നതിലുപരി ആധുനികതയുടെ പിറകെ പോകുന്നു. വിശ്വാസത്തെ തള്ളിക്കളയുമ്പോൾ മനുഷ്യൻ ധാരാളം വിപത്തുകൾ നേരിടുന്നു.

വിശ്വാസത്തിന്റെ പേരിൽ പ്രാർത്ഥനയിലും ധ്യാനത്തിലും മാത്രമാണ് വിശ്വാസം എന്ന് പഴഞ്ചൻ ചിന്താരീതികൾ സഭ എന്നെ ഉപേക്ഷിച്ചിരിക്കുന്നു. സാംസ്കാരികവും സാമൂഹികവുമായ പങ്കാളിത്തവും അഭ്യുന്നതിയും സഭയ്ക്കും വിശ്വാസത്തിനും വളരാനുള്ള ഫലഭൂഷ്ഠമായ മണ്ണായിയാണ് സഭ ഇന്ന് കാണുന്നത്. വിശ്വാസങ്ങളിലുള്ള ജീവിതം ഇരുണ്ട ഭാവിയിലേക്ക് യുവജനങ്ങളെ നയിക്കാതെ ജനങ്ങളുടെ അധികാരങ്ങളെ ക്രിസ്തുവിൽ ഉപയോഗിച്ച് ഒരു ശോഭന ഭാവി യുവജനങ്ങൾക്ക് പകരുവാൻ ആണ് സഭയുടെ ആഹ്വാനം.

വോട്ട് അവകാശവും സാമൂഹികവുമായ സഭയുടെ ഇടപെടലുകളും ബഫർസോൺ വയനാട് വെള്ളപ്പൊക്കം മുതലായ വിഷയങ്ങളുള്ള സഭയുടെ യുവജനപ്രസ്ഥാനത്തിന് പങ്കാളിത്തം വ്യക്തമാക്കുന്ന ഒന്നുണ്ട്. വിശ്വാസം എന്നത് വാക്കാലല്ല പ്രവർത്തിയിലാണ് എന്ന് വിശുദ്ധ പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രവർത്തി കൂടാതെ വിശ്വാസം അതിൽ തന്നെ വ്യർത്ഥവുമാണ്.



# കോന്നി വൈദീകജില്ല

### അമ്മയുടെ കൂട്ട്പിടിച്ച്

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട EPIC യുവജനസംഗമത്തിനു വേണ്ടി ആത്മീയമായി ഒരുങ്ങുവനായി ജില്ലയിലെ യൂണിറ്റ് ഭാരവാഹികളെയും ചേർത്ത് (സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 5 വരെ) വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജില്ലാ സെനറ്റ് ഗ്രൂപ്പിലൂടെ ജപമാല പ്രാർത്ഥന നടത്തപ്പെട്ടു.

### വാഹന വിളംബര റാലി



EPIC യുവജന സംഗമത്തിന് മുന്നോടിയായി, പ്രസ്ഥാനത്തിന്റെ ശക്തി വിളിച്ചോതിക്കൊണ്ട് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെയും, കോന്നി വൈദികജില്ലയുടെയും നേതൃത്വത്തിൽ അനേകം യുവജനങ്ങളെ അണിനിരത്തി സെപ്റ്റംബർ 29 ഉച്ചക്ക് ശേഷം 3:30 ന് ജില്ലാ ആസ്ഥാനത്തു നിന്നും സംഗമ നഗരിയായ പൂങ്കാവ് ദൈവാലയത്തിലേക്ക് വാഹന വിളംബര റാലി നടത്തപ്പെട്ടു.

### സ്നേഹ സന്ദേശം

EPIC യുവജന സംഗമത്തിന് പത്തനംതിട്ട ഭദ്രാസനത്തിലെ മുഴുവൻ യുവജനങ്ങളുടെയും, യൂണിറ്റ് ഡയറക്ടർമാരുടെയും പിന്തുണ ആവശ്യപ്പെട്ടുകൊണ്ട് എം.സി.വൈ.എം കോന്നി വൈദിക ജില്ല രൂപതയിലെ മുഴുവൻ ഇടവക വികാരിമാർക്കും സ്നേഹ സന്ദേശം അയച്ചു.




പ്രിയപ്പെട്ട ..............................

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിനോട് അനുബന്ധിച്ച് ഒക്ടോബർ മാസത്തിലെ ആദ്യ ഞായർ യുവജന ഞായർ ആയി ആചരിക്കുന്നു. അതിനോട് അനുബന്ധിച്ച് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ യുവജന സംഗമം EPIC -2024 കോന്നി വൈദീക ജില്ലയുടെ ആതിഥേയത്വത്തിൽ പൂങ്കാവ് സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. ഒക്ടോബർ മാസം 6-ാം തീയതി രാവിലെ 7:30 ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്ന യുവജന സംഗമം ഉച്ചയോടെ അവസാനിക്കുന്നത് ആയിരിക്കും. ഈ യുവജന സംഗമത്തിലേക്ക് അങ്ങയുടെ ഇടവകയിലെ മുഴുവൻ യുവജനങ്ങളും പങ്കെടുക്കാൻ വേണ്ട ക്രമീകരണം ചെയ്യണമേ.

സ്നേഹപൂർവ്വം
എം.സി.വൈ.എം.
കോന്നി വൈദീക ജില്ല




**ജപമാല പ്രയാണം**

എം. സി. വൈ. എം കോന്നി വൈദിക ജില്ല യുടെ നേതൃത്വത്തിൽ ജപമാല മാസമായ ഒക്ടോബർ മാസത്തിൽ ജില്ലയിൽ നിന്ന് പ്രാർത്ഥിച്ച ജപമാല ജില്ലാ ഭാരവാഹികൾ ളാക്കൂർ യൂണിറ്റിന് കൈമാറുകയും, ശേഷം ജില്ലയിലെ മുഴുവൻ യൂണിറ്റുകളിലൂടെയും ജപമാല കടന്നുപോകുകയും, യൂണിറ്റുകൾ ജില്ല നൽകിയ നിയോഗങ്ങൾ വച്ച് പ്രാർത്ഥിക്കുകയും ചെയ്തു.




**ഷെഹീമോ**

എം സി വൈ എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജില്ലയിലെ യുവജനങ്ങൾക്കായി നടത്തിവരാറുള്ള ഷെഹീമോ (നൈറ്റ് വിജിൽ ) EPIC യുവജന സംഗമത്തെ പ്രത്യേകം സമർപ്പിച്ച് സെപ്റ്റംബർ 28 നെടുമൺകാവ് ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ഈ ദിവ്യ കാരുണ്യ ആരാധനയിൽ മറ്റു വൈദിക ജില്ലകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.



**യുവോത്സവം 2k24**



എം.സി.വൈ.എം കോന്നി വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി ജില്ലയുടെ നേതൃത്വത്തിൽ 12 -10-2024 ന് വി.കോട്ടയം ദൈവാലയത്തിൽ വച്ച് ജില്ലാകലോത്സവം നടത്തപ്പെട്ടു.

**EPIC യുവജന സംഗമം**

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിലെ മുഴുവൻ യുവജനങ്ങൾക്കായി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട EPIC യുവജന സംഗമം കോന്നി വൈദിക ജില്ലയിലെ പൂങ്കാവ് യൂണിറ്റിൽ വച്ച് നടത്തുവാൻ ജില്ലാ സമിതിക്ക് സാധിച്ചു.



**SMASH 2024**



എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ 1-12-2024 ന് ഉച്ചക്ക് ശേഷം 2:30 ന് ജില്ലയിലെ യുവജനങ്ങൾക്കായി ഷട്ടിൽ ടൂർണമെന്റ് നടത്തപെട്ടു.

## പന്തളം വൈദീകജില്ല

**KHEL ഫുട്ബോൾ ടൂർണ്ണമെന്റ്**

എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ 13-10-2024 ഞായറാഴ്ച ഫുട്ബോൾ ടൂർണമെന്റ് നടത്തപെട്ടു.തട്ട,ചന്ദനപ്പള്ളി യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.




**ബാഡ്മിന്റൺ ടൂർണ്ണമെന്റ്**



എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ 03-11-2024 ബാഡ്മിന്റൺ ടൂർണമെന്റ് ഞായറാഴ്ച കുറിച്ചിമുട്ടം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ചു നടത്തപെട്ടു.

**യൂണിറ്റ് വിസിറ്റ്**

എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ നടത്തുന്ന യൂണിറ്റ് സന്ദർശനങ്ങളുടെ ഭാഗമായി 27/10/2024 ഞായറാഴ്ച കുറിച്ചിമുട്ടം യൂണിറ്റ് സന്ദർശിച്ചു.



യുവോത്സവം 2024



എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ 12-10-24 ശനിയാഴ്ച രാവിലെ 9 മണി മുതൽ അടൂർ ഓൾ സെയിന്റ്സ് പബ്ലിക് സ്കൂളിൽ വച്ച് യുവജനങ്ങളുടെ സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള യുവോത്സവം 2024 നടത്തപ്പെട്ടു.ചന്ദനപ്പള്ളി,ഉള്ളന്നൂർ, തട്ട യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി 2024 വർഷത്തെ ഓവറോൾ ചാമ്പ്യൻമാരായി.

## Yuletide 2k24

എം സി വൈ എം പന്തളം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ പുൽകൂട് മത്സരം **Yuletide 2k24** നടത്തപെട്ടു.കൈപ്പട്ടൂർ,ചന്ദനപ്പള്ളി,കുറിച്ചിമുട്ടം യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.




## Meet & Greet



എം.സി.വൈ.എം. പന്തളം വൈദിക ജില്ല സമിതിയുടെ നേതൃത്വത്തിൽ പത്തനംതിട്ട രൂപത യുടെ വിവിധ ഇടങ്ങളിലും പരിസര പ്രദേശങ്ങളിലുമായി രക്ഷകന്റെ തിരുപ്പിറവിയുടെ സന്തോഷം അറിയിച്ചുകൊണ്ട് ക്രിസ്തുമസിന്റ സന്ദേശം പകർന്ന് നൽകി.

www.malankaralibrary.com

# റാന്നി പെരുന്നാട് വൈദീകജില്ല

**SWAG**



യുവ തലമുറയിൽ നിന്ന് പുത്തൻ നേതാക്കന്മാരെ വളർത്തിയെടുക്കുവാനും അവരെ സഭയോട് അടുത്ത് നിർത്തുവാനുമായി 22/09/2024 ഞായറാഴ്ച ഉച്ചയ്ക്കുശേഷം മണ്ണാറക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം പള്ളിയിൽ വെച്ച്, എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ, റാന്നി പെരുനാട് വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി **SWAG** നടത്തപ്പെട്ടു.


**ഗുരുവന്ദനം**




എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ അധ്യാപക ദിനത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ 22 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിക്ക് സെന്റ് ജോൺ ക്രിസോസ്റ്റം മണ്ണാരകുളഞ്ഞി പള്ളിയിൽവെച്ച് ഗുരുവന്ദനം എന്ന പേരിൽ **Academy of Scientific & Research(AcSIR)**ൽ നിന്നും കെമിസ്ട്രിയിൽ **Ph.D** നേടിയ ഡോ.ജിഫിൻ സാമിനെയും, വൈദീക ജില്ലയിലെ യുവമതബോധന അധ്യാപകരെയും ജില്ലാ വികാരി ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ.സ്കറിയ പതാലിൽ,മണ്ണാരകുളഞ്ഞി യൂണിറ്റ് ഡയറക്ടർ ഫാ.എബ്രഹാം മണ്ണിൽ എന്നിവർ ചേർന്ന് മെമെന്റോ നൽകി ആദരിച്ചു.

**ഫേസ് 2 ഫേസ്**

എം.സി.വൈ.എം റാന്നി പെരുനാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും സംഘടനാശക്തി കൂടുതൽ ശക്തിപ്പെടുത്തുവാനും യുവജനങ്ങളോട് നേരിട്ട് സംവദിക്കുവാനുമായി ജില്ലയിലെ വടക്കുപുറം, പൊന്നമ്പ് യൂണിറ്റുകൾ സന്ദർശിച്ചു.




**യുവോത്സവം 2024– കലോത്സവം**

എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ ഈ വർഷത്തെ കലാമത്സരമായ യുവോത്സവം 2024 ഒക്ടോബർ 2ന് മൈലപ്ര സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽവെച്ച് രാവിലെ 9 മണി മുതൽ നടത്തപ്പെട്ടു. യുവോത്സവം 2024 ജില്ലാ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിച്ച ഭദ്രാസന ഡയറക്ടർ ഫാ.സ്കറിയ പതാലിൽ,സമാപന സമ്മേളനത്തിൽ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും യുവോത്സവത്തിന്റെ എല്ലാ ചെറുതും വലുതുമായ ക്രമീകരണങ്ങൾക്കും പൂർണ പിന്തുണ നൽകി ജില്ലയുടെ ഒപ്പമായിരുന്ന ജില്ലാ വികാരി ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ,യുവോത്സവ വേദിയിൽ ആയിരുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത ഞങ്ങളുടെ പ്രിയപ്പെട്ട വൈദീകരായ ഫാ.എബ്രഹാം മണ്ണിൽ, ഫാ.ഡേവിഡ് പേഴുംമൂട്ടിൽ,യുവോത്സവ വേദിയിലേക്കു കടന്നു വന്ന ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം, മറ്റ് രൂപത, ജില്ലാ ഭാരവാഹികൾ, മൂല്യനി

www.malankaralibrary.com

ർണയത്തിലൂടെ ഏറ്റവും അനുയോജ്യരായവരെ തിരഞ്ഞെടുക്കുവാൻ കടന്നു വന്ന പ്രിയ വിധികർത്താക്കളെ പ്രത്യേകിച്ച് ഫാ.ജോമി കുമ്പകാട്ട്, ഫാ.തോമസ് മണ്ണിക്കരോട്ട്, ശ്രീമതി. ബിജി,കുമാരി. ജൂഹി സേവിയർ, കുമാരി. ജീന, റാന്നി പെരുനാട് വൈദിക ജില്ലയ്ക്കു നേതൃത്വം നൽകുന്ന ഡയറക്ടറുമാരായ ഫാ.സ്കോട്ട് സ്ലീബ പുളിമൂടൻ ,ഫാ.ജോർജ് കുളത്തുംകരോട്ട്, സിസ്റ്റർ ആനി മേറ്റർ സിസ്റ്റർ അലോഷ്യസ് SIC, ഓഫീസ് വർക്കിന്റെ ക്രമീകരണങ്ങൾ ചെയ്തു നമ്മെ സഹായിച്ച അനിൽ കുമാർ, സാന്നിധ്യം കൊണ്ടും പങ്കാളിത്തം കൊണ്ടും യുവോത്സവം 2024നെ വിജയമാക്കി തീർത്തത്തിൽ പ്രധാന പങ്ക് വഹിച്ച എല്ലാ പ്രിയപ്പെട്ടവരോടുമുള്ള ഹൃദ്യമായ നന്ദി




**സ്മാഷ് 2K24 - ബാഡ്മിന്റൺ ടൂർണമെന്റ്**

എം.സി. വൈ. എം റാന്നി പെരുന്നാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജില്ലയിലെ ഡിസംബർ 01 ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് യുവജനങ്ങൾക്കായി ബാഡ്മിന്റൺ ടൂർണമെന്റ് മണ്ണാറക്കുളഞ്ഞി ഹോളി മാതാ പാരിഷ് ഹാളിൽ നടത്തപ്പെട്ടു.

**സിംഗിൾസ്**

ഒന്നാം സ്ഥാനം – അഖിൽ ഷാജി പൊന്നമ്പ്

രണ്ടാം സ്ഥാനം – ആർബി . ജെ മാത്യൂ

**ഡബിൾസ്**

ഒന്നാം സ്ഥാനം

അഖിൽ ഷാജി & റിജോ റെജി പൊന്നമ്പ്

രണ്ടാം സ്ഥാനം

ബിൻസോ വിൽസൺ & കിരൺ ബെൻ മൈലപ്ര എന്നിവർ കരസ്ഥമാക്കി, മത്സരത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത മണ്ണാറക്കുളഞ്ഞി യൂണിറ്റ് നന്ദി.

**Word 2K24 ഒരുക്ക ധ്യാനം**

*WORD2k24* യുവജന സംഗമത്തിന് മുന്നോടിയായി എം.സി.വൈ.എം റാന്നി-പെരുനാട് വൈദികജില്ല സമിതി അംഗങ്ങൾക്കായി ഒരുക്ക ധ്യാനം ജില്ലയുടെ അസിസ്റ്റന്റ് ഡയറക്ടർ കൂടിയായ റവ. ഫാ. അജി കുളത്തുംകരോട്ടിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സ്വയം ആത്മശോധന ചെയ്യുവാനും ആത്മീയമായി വളരുവാനും ഈ സമയം സമിതി അംഗങ്ങളെ സഹായിച്ചു. ഒരുക്ക ധ്യാനത്തിന് നേതൃത്വം നൽകിയ അച്ചനെ നന്ദിയോടെ ഈ സമയം ഓർക്കുന്നു.

**Chain Prayer**

എം. സി. വൈ. എം റാന്നി പെരുന്നാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട യുവജന സംഗമത്തോട് അനുബന്ധിച്ച് ചെയിൻ പ്രയർ നടത്തപ്പെട്ടു. ജില്ല സെനറ്റ് അംഗങ്ങൾ ഇതിൽ പങ്കുചേർന്നു.




**WORD 2K24 യുവജന സംഗമം**

എം.സി.വൈ.എം റാന്നി പെരുനാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഒക്ടോബർ 6 ഞായറാഴ്ച വൈകിട്ട് നാലുമണി മുതൽ മൈലപ്ര തിരുഹൃദയ കൺവെൻഷൻ സെന്ററിൽവെച്ച് യുവജന സംഗമം നടത്തപ്പെട്ടു. അനുഗ്രഹീതമായ വിശുദ്ധ കുർബാനയോടെആരംഭിച്ച യുവജന സംഗമത്തിൽ 260 ൽ അധികം യുവജനങ്ങൾ മൂവർണ്ണക്കൊടിയുടെ തണലിൽ ഒത്തുകൂടി

പുതുചരിത്രം രചിച്ചു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സാന്നിധ്യം കൊണ്ട് യുവജന സംഗമത്തിന് മോടി കൂട്ടി



## മ്യൂസിക്കൽ നൈറ്റ്



ഒക്ടോബർ 13, ഞായർ വൈകിട്ട് മൈലപ്ര സേക്രഡ് ഹാർട്ട് കൺവൻഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ട WORD 2K24 യുവജന സംഗമവേദിയെ ഏറെ മനോഹരമാക്കിമാറ്റി യുവജനങ്ങളെ തുടക്കം മുതൽ അവസാനം വരെ ആവേശത്തിലാഴ്ത്തി കൊണ്ട് മ്യൂസിക്കൽ നൈറ്റ് നടത്തപ്പെട്ടു. മികച്ച പ്രകടനം കാഴ്ചവെച്ച് മ്യൂസിക്കൽ നൈറ്റിനു നേതൃത്വം നൽകിയ പ്രിയപ്പെട്ട കപ്പുച്ചിൻ ബ്രദേഴ്സ് ബിജോയ്,സച്ചിൻ,പ്രദീപ്, അബിൻ, നിസൺ, മെൽവിൻ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

## നവീകരിച്ച ളാഹ പള്ളിയുടെ കൂദാശ

കാലപ്പഴക്കം മൂലം ജീർണ്ണാവസ്ഥയിൽ ആയിരുന്ന ളാഹ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളി എം.സി. വൈ.എം. റാന്നി പെരുന്നാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ വളരെ മനോഹരമായി പുതുക്കി പണിതീർക്കുവാൻ കഴിഞ്ഞു.ഏറെ നാളുകളായുള്ള യുവജന സഭയുടെ പ്രയത്നം അതിന്റെ പൂർണ്ണതയിൽ എത്തിച്ചേർന്നു.നവീകരിച്ച ളാഹ പള്ളിയുടെ കൂദാശ കർമ്മം 2024 നവംബർ 1 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



# പത്തനംതിട്ട വൈദീകജില്ല

## യൂണിറ്റ് വിസിറ്റ്

യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആയി, പത്തനംതിട്ട വൈദിക ജില്ലാ സമിതിയുടെ നേതൃത്വത്തിൽ സെപ്തംബർ 29 ന് നാരങ്ങാനം യൂണിറ്റ് സന്ദർശിച്ചു. ജില്ലയുടെ ആനിമേറ്റർ സിസ്റ്റർ നോബിൾ എസ് ഐ സി, യൂണിറ്റ് ഡയറക്ടർ പെരിയ ബഹുമാപ്പെട്ട സെബാസ്റ്റ്യൻ ആമ്പശേരിൽ കോറെപ്പിസ്കോപ്പാ, ജില്ലാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

www.malankaralibrary.com



മൂന്ന് വേദികളിലായി നടത്തപ്പെട്ട മത്സരം ഉച്ച തിരിഞ്ഞ് 4 മണിയോടെ അവസാനിച്ചു. ഓവറോൾ ചാമ്പ്യന്മാരായി കത്തീഡ്രൽ യൂണിറ്റും, പുത്തൻപീടിക യൂണിറ്റും, ഇലന്തൂർ യൂണിറ്റും യഥാക്രമം തെരഞ്ഞെടുക്കപ്പെട്ടു. സമാപന സമ്മേളനത്തിൽ റവ. ഫാ. വർഗീസ് കൂത്തിനേത്ത്, റവ. ഫാ. വർഗീസ് ചാമക്കാല, റവ. ഫാ. ഷെബിൻ മാമൂട്ടിൽ, എം സി വൈ എം പത്തനംതിട്ട ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. സുബിൻ തോമസ് എന്നിവർ സന്നിഹിതരായിരുന്നു

**യുവോത്സവം 2024 – ജില്ലാ കലോത്സവം**



എം.സി.വൈ.എം. പത്തനംതിട്ട വൈദിക ജില്ലയുടെ ഈ വർഷത്തെ യുവോത്സവം ഒക്ടോബർ മാസം 12-ാം തീയതി രാവിലെ 9.30 മുതൽ മഡോണ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. 17 യൂണിറ്റുകളിൽ നിന്നായി 150-തിലധികം യുവജനങ്ങൾ പങ്കെടുത്തു. ജില്ല ആനിമേറ്റർ സി. നോബിൾ എസ്.ഐ.സി പതാക ഉയർത്തി. അതേ തുടർന്ന് ജില്ല ഡയറക്ടർ റവ. ഫാ. തോമസ് ചെറുതോട് ബൈബിൾ പ്രതിഷ്ഠ നിർവഹിക്കുകയും ജില്ല രക്ഷാധികാരി റവ. ഫാ. ജോൺസൺ പാറയ്ക്കൽ പ്രാർത്ഥിച്ച് ആശീർവദിച്ചുകൊണ്ട് മത്സരങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. രൂപതാ അധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത കലോത്സവ വേദി സന്ദർശിക്കുകയും മത്സരാർത്ഥികൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.

**യുവജന ദിനാഘോഷം**



വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോട് അനുബന്ധിച്ച്, പത്തനംതിട്ട ജില്ലാ സമിതിയുടെ വിവിധ യൂണിറ്റുകളിൽ ഒക്ടോബർ 6-ാം തീയതി യുവജന ദിനാഘോഷം നടത്തപ്പെട്ടു. യൂണിറ്റുകളിൽ യുവജനങ്ങൾക്കായി വിശുദ്ധ ബലി അർപ്പിച്ചും എം സി വൈ എം പതാക ഉയർത്തിയും ക്ലാസുകൾ സംഘടിപ്പിച്ചും യുവജനങ്ങൾ യുവജന ദിനം ആഘോഷിച്ചു.

## Rosarium Sanctum

പരിശുദ്ധ ദൈവമാതാവിന്റെ ജപമാല മാസാചരണത്തോടനുബന്ധിച്ച് ഒക്ടോബർ മാസം, പത്തനംതിട്ട വൈദിക ജില്ലയിലെ വിവിധ യൂണിറ്റുകളിൽ ജപമാല മസാചരണം നടത്തപ്പെട്ടു. യൂണിറ്റുകളിൽ ജപമാല പ്രാർത്ഥന നടത്തിയും ജപമാല റാലി സംഘടിപ്പിച്ചും യുവജനങ്ങൾ ജപമാല പ്രാർത്ഥനയിൽ സംബന്ധിച്ചു.






## യുവോത്സവം 2024 രൂപതാ കലോത്സവം



എം സി വൈ എം ഭദ്രാസന കലോത്സവമായ 'യുവോത്സവം 2024' നവംബർ 9 ന് കുമ്പഴ മൗണ്ട് ബഥനി സ്കൂളിൽ നടത്തപ്പെട്ടു. രചനാ മത്സരത്തിലും കലാമത്സരത്തിലും രണ്ടാം സ്ഥാനം നേടി പത്തനംതിട്ട വൈദിക ജില്ല രൂപതാ തലത്തിൽ ഓവറോൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## സ്മാഷ് 2k24 ജില്ലാതല ബാഡ്മിന്റൺ ടൂർണമെന്റ്

എം.സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ നേതൃത്വത്തിൽ മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് സ്മാഷ് 2k24 നവംബർ 3 ഞായറാഴ്ച ഉച്ചയ്ക്ക് 01:30 മുതൽ ഓമല്ലൂർ മുള്ളനിക്കാട് NTL ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. ഓമല്ലൂർ യൂണിറ്റ് ഡയറക്ടർ ഫാ. ഷെബിൻ മാമൂട്ടിൽ SMASH 2K24 ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

7 യൂണിറ്റുകളിൽ നിന്നായി 30 ൽ പരം മത്സരാർത്ഥികൾ മാറ്റുരച്ച മത്സരത്തിൽ ജോഹാൻ. ഏ. ജോർജ് ഏറത്തുമ്പമൺ, ഡെൽവിൻ. സി. ജോർജ് കത്തീഡ്രൽ എന്നിവർ ബോയ്സ് സിംഗിൾസിലും സാന്ദ്ര റോസ് മേരി കത്തീഡ്രൽ, സിന്റാ ലീലാമ്മ ബിജു കത്തീഡ്രൽ എന്നിവർ ഗേൾസ് സിംഗിൾസിലും ജോഹാൻ എ ജോർജ്, ഷാൽവിൻ സജി ഏറത്തുമ്പമൺ ലിബിൻ, സജു കത്തീഡ്രൽ എന്നീ ടീമുകൾ ബോയ്സ് ഡബിൾസിലും യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കി. റവ. ഫാ. എബ്രഹാം മണ്ണിൽ, റവ. ഫാ. ബിനോയ് പുതുപ്പറമ്പിൽ, ജില്ലാ ഡയറക്ടർ റവ. ഫാ. തോമസ് ചെറുതോട് എന്നിവർ സന്നിഹിതരായിരുന്നു.

**SPORTSIA 2K24 ജേഴ്സി ലോഞ്ചിങ്**




എം.സി.വൈ.എം. പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഫുട്ബോൾ ടൂർണമെന്റ് **'SPORTSIA 2k24'** ന് പത്തനംതിട്ട വൈദിക ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ടീം അംഗങ്ങൾക്കുള്ള ജേഴ്സി **Blue & pink** ഫാമിലി സലൂൺ ഉടമയും സ്പോൺസറുമായ ശ്രീ. സുനിൽ കൊരട്ടിക്കൽ എം.സി.വൈ.എം. പത്തനംതിട്ട വൈദിക ജില്ല ഡയറക്ടർ ബഹു. ഫാ. തോമസ് ചെറുതോടിന് നൽകിക്കൊണ്ട് ഔദ്യോഗികമായി പ്രകാശനം ചെയ്തു.

**MOMents**



എം.സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ നേതൃത്വത്തിൽ നവംബർ 23 ന് കോന്നി കാർമല സെന്റ് അൽഫോൻസാ പ്രത്യാശ ഭവനിലെ അമ്മമാരെയും, ചീക്കനാൽ ആശ്വാസ ഭവനിലെ കുഞ്ഞുങ്ങളെയും ചേർത്ത് കോട്ടയം ഭാരണങ്ങാനം അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിലേക്ക് തീർത്ഥാടന യാത്ര നടത്തപ്പെട്ടു. പ്രത്യാശ ഭവൻ ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പരുവപ്ലാക്കൽ, ജില്ലാ ഡയറക്ടർ റവ. ഫാ. തോമസ് ചെറുതോട്, ബഹുമാപ്പെട്ട സിസ്റ്റേഴ്സ്, വൈദിക ജില്ലാ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.



**സ്മാഷ് 2k24 രൂപതാതല ബാഡ്മിന്റൺ ടൂർണമെന്റ്**

:



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് സ്മാഷ് 2സ24 ഡിസംബർ 14 ന് നടത്തപ്പെട്ടു. പത്തനംതിട്ട വൈദിക ജില്ലയ്ക്കു വേണ്ടി ജോഹാൻ.എ.ജോർജ് ഏറത്തുമ്പമൺ ബോയ്സ് സിംഗിൾസിലും ജോഹാൻ.എ.ജോർജ്, ഷാൽവിൻ സജി ഏറത്തുമ്പമൺ എന്നിവരുടെ ടീം ബോയ്സ് ഡബിൾസിലും ഒന്നാം സ്ഥാനം നേടി.

# ഭദ്രാസന വാർത്തകൾ

### എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന യുവജന സംഗമം; വാഹന വിളംബര റാലിയും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനവും



മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ് പത്തനംതിട്ട ഭദ്രാസനത്തിന്റെ യുവജന സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള വാഹന വിളംബര റാലി സെപ്റ്റംബർ 29 ന് വൈകിട്ട് 3.30ന് നടത്തപ്പെട്ടു. വകയാർ സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ നിന്നും കോന്നി വൈദിക ജില്ല വികാരി വെരി. റവ. ഫാ. വർഗീസ് കൈതോൺ ഫ്ലാഗ് ഓഫ് ചെയ്ത് ആരംഭിച്ച വിളംബര റാലി എലിയറയ്ക്കൽ, കോന്നി, മല്ലശ്ശേരി ജംഗ്ഷൻ വഴി യുവജന സമ്മേളന നഗരിയായ പൂങ്കാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ എത്തിച്ചേർന്നു. തുടർന്ന് സമ്മേളന നഗരിയിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ വികാരി ജനറാൾ മോൺ.വർഗീസ് മാത്യു കാലായിൽ വടക്കേതിൽ എം.സി.വൈ.എം പതാക ഉയർത്തി സംഗമത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. പ്രസ്ഥാനത്തിന്റെ പ്രതിജ്ഞയും, ആന്തവും യുവജനങ്ങൾ ആവേശപൂർവം ഒന്നിച്ച് ഏറ്റുചൊല്ലി. വിവിധ ജംഗ്ഷനുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബും നടത്തപ്പെട്ടു. പൂങ്കാവ് ജംഗ്ഷനിൽ നിന്ന് മുദ്രാവാക്യങ്ങളുമായി ആവേശപൂർവം യുവജനങ്ങൾ സമ്മേളന നഗരിയിലേക്ക് എത്തിച്ചേർന്നു. യുവജന സംഗമത്തിന്റെ ക്രമീകരണങ്ങൾക്കായുള്ള സ്വാഗതസംഘം ഓഫീസും ഉദ്ഘാടനം ചെയ്തു. നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടെയാണ് വിളംബര റാലി നടത്തപ്പെട്ടത്. ഫ്ലാഷ് മോബിന് കോന്നി വൈദിക ജില്ലയിലെ വി.കോട്ടയം യൂണിറ്റ് നേതൃത്വം നൽകി. ക്രമീകരണങ്ങൾക്ക് കോന്നി വൈദിക ജില്ലയ്ക്കും, ഭദ്രാസന സമിതിക്കും ഹൃദയം നിറഞ്ഞ നന്ദി.

### എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന യുവജന സംഗമം പൂങ്കാവിൽ ഉദ്ഘാടനം ചെയ്തു.



എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോട് ചേർന്ന് പത്തനംതിട്ട ഭദ്രാസന യുവജന സംഗമം എപ്പിക് 2024 ഒക്ടോബർ 6ന് കോന്നി വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പൂങ്കാവ്,സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വെച്ച് നടന്നു . രാവിലെ നടന്ന പ്രഭാത പ്രാർത്ഥനയ്ക്കും, വിശുദ്ധ കുർബാനയ്ക്കും പത്തനംതിട്ട ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു, വൈദികർ സഹ കർമ്മികരായി .തുടർന്ന് നടന്ന യുവജന സംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യതു. കെ.സി.ബി.സി മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഫാ. എബ്രഹാം ഇരുമ്പിനിക്കൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു . എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ.ഫാ.വർഗീസ് കൈതോൺ, ഫാ. ജോബ് പതാലിൽ, ഫാ.ഡോ.സിജോ ജെയിംസ് ചരുവുപറമ്പി

www.malankaralibrary.com

ൽ, ഫാ. സക്റിയാ റോസറിവില്ല,ഫാ.മാത്യു പേഴും മൂട്ടിൽ, ഫാ.സ്കോട്ട് സ്ലീബ പുളിമൂടൻ, സി. ജോവാൻ SIC, സുബിൻ തോമസ്,പ്രിൻസ് റെജി, ടെനി സജി,ജിഷ ജോസ്, അലീന എലിസബത്ത് മാത്യു, അക്സാ രാജൻ, ജെറിൻ,നോയൽ എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ,സാമൂഹിക,സാംസ്കാരിക, മേഖലകളിൽ വിവിധ അവാർഡുകൾ നേടിയ വ്യക്തിത്വങ്ങളെ വേദിയിൽ വച്ച് ആദരിച്ചു. പ്രശസ്ത മലയാള സിനിമ വരയന്റെ തിരക്കഥാകൃത്ത് റവ. ഫാ. ഡാനി OFM യുവജന സെമിനാർ നയിച്ചു. തുടർന്ന് നടന്ന യുവജന റാലിയിൽ ആയിരത്തോളം യുവജനങ്ങൾ പങ്കെടുത്തു. വാദ്യ മേളങ്ങളും, തനത് കലാരൂപമായ കോൽക്കളിയും,ഡിസ്പ്ലേയും നടത്തപ്പെട്ടു . യുവജന സംഗമത്തിന് ഔദ്യോഗികമായി സമാപനം കുറിച്ചുകൊണ്ട് ഭദ്രാസനത്തിന്റെ വികാരി ജനറാൾ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ പതാക താഴ്ത്തി. ക്രമീകരണങ്ങൾക്ക് പത്തനംതിട്ട ഭദ്രാസന സമിതിയും, കോന്നി വൈദിക ജില്ലയും പൂങ്കാവ്,വലഞ്ചുഴി യൂണിറ്റുകളും നേതൃത്വം നൽകി.

## വയനാടിന് കൈത്താങ്ങായി പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി.വൈ.എം




കേരളത്തെയാകെ നടുക്കിയ,വേദനിപ്പിച്ച നിമിഷങ്ങളായിരുന്നു വയനാട് പുഞ്ചിരിമട്ടത്ത് ഉണ്ടായ ഉരുൾപൊട്ടൽ. അനേകം ആളുകൾക്ക് ജീവനും, ജീവനോപാധിയും നഷ്ടപ്പെട്ടു. തിരികെ പോകുവാൻ പലർക്ക് വീടുകൾ പോലും ഇല്ലാതെയായി. ഇപ്പോഴും ഭൂരിഭാഗം പേരും ദുരിതാശ്വാസ ക്യാമ്പുകളിൽ തന്നെയാണ്.അനേകം സുമനസ്സുകളുടെ സഹായങ്ങൾ ഈ അവസരത്തിൽ അവിടേക്ക് എത്തിച്ചേരുന്നു. കേരള കത്തോലിക്കാ സഭ ഈ അവസരത്തിൽ 100 വീടുകൾ വെച്ച് നൽകുന്നതിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി.വൈ.എം യൂണിറ്റുകളുടെ നേതൃത്വത്തിൽ ശേഖരിച്ച തുക 75,000/രൂപാ ഈ ഉദ്യമത്തിലേക്ക് ഭദ്രാസന യുവജന സംഗമ വേദിയിൽ വെച്ച് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയ്ക്ക് ഭദ്രാസന പ്രസിഡന്റും,വൈദിക ജില്ല പ്രസിഡന്റുമാരും ചേർന്ന് കൈമാറി.

ഇതിൽ പങ്കാളികളായ എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു.

## ഏദൻ 2k24 പരിസ്ഥിതി ദിന അവാർഡ്



വ്യത്യസ്തവും നൂതനവുമായ ആശയങ്ങൾ കോർത്തിണക്കി ജൂൺ -5 ലോകപരിസ്ഥിതി ദിനം ആഘോഷിച്ച് , അതിന്റെ ഭാഗമായി യൂണിറ്റ് തലത്തിൽ 22 ഓളം പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിച്ച് ഏദൻ 2സ24 പരിസ്ഥിതി ദിനാഘോഷ അവാർഡ് നേടിയ റാന്നി പെരുനാട് വൈദികജില്ലയിലെ തെക്കുംമല യൂണിറ്റിന് അഭിവന്ദ്യ ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മെമെന്റോ നൽകി ആദരിച്ചു.
അഭിനന്ദനങ്ങൾ...

## യുവജനദിനാഘോഷം യൂണിറ്റുകളിൽ

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോട് ചേർന്ന് യൂണിറ്റ് തലങ്ങളിൽ ഒക്ടോബർ 13 യുവജന ദിന ആഘോഷങ്ങൾ ക്രമീകരിച്ചു.വി.കുർബാന ,കാഴ്ച്ചയർപ്പണം,പതാക ഉയർത്തൽ,പൊതു മീറ്റിംഗ്,ചാരിറ്റി പ്രവർത്തനങ്ങൾ എന്നിവയും നടത്തപ്പെട്ടു.




### ഹെസദ് 2k24





യുവത്വത്തിന്റെ ആവേശത്തിൽ മധുരകരമായ നിമിഷങ്ങൾ സമ്മാനിച്ച് 'ഹെസദ് 2സ24' സഭാതല യുവജന ദിനാഘോഷത്തിൽ മലങ്കരയുടെ യുവജന ആവേശത്തിനൊപ്പം അണിചേർന്ന് പത്തനംതിട്ടയും...

**ജയ് എം സി വൈ എം**

### അമ്മയോടൊപ്പം

ജപമാല മാസത്തോടനുബന്ധിച്ച് കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജപമാല പ്രാർത്ഥനയിൽ 21-ാം ദിവസത്തെ ജപമാല പ്രാർത്ഥന പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഓൺലൈൻ വഴി നടത്തപ്പെട്ടു. പ്രത്യേക നിയോഗമായി നമ്മുടെ രാജ്യത്തിനു വേണ്ടി സേവനം ചെയ്യുന്ന എല്ലാ സൈനികരെയും, ഈ ഭദ്രാസനത്തെയും,ഭദ്രാസന അധ്യക്ഷനെയും,എല്ലാ വൈദികരെയും സന്യസ്തരെയും പ്രത്യേകമായി യുവജനങ്ങളെയും സമർപ്പിച്ചു പ്രാർത്ഥിച്ചു. ഭദ്രാസന ഭാരവാഹികളും, വൈദിക ജില്ല ഭാരവാഹികളും പ്രാർത്ഥനയിൽ പങ്കുചേർന്നു.






### ഉത്സവ് 2024



കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഉത്സവ് 2024 രചന മത്സരത്തിൽ പത്തനംതിട്ട ഭദ്രാസനത്തിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു. അഭിനന്ദനങ്ങൾ..

### EPIC 2k24- ഭദ്രാസന യുവജന സംഗമം



സാമൂഹിക,സാംസ്കാരിക,വിദ്യാഭ്യാസ മേഖലകളിൽ അവാർഡുകളും, അംഗീകാരങ്ങളും നേടിയ എം.സി.വൈ.എം യുവജനങ്ങളെയും മുൻകാല യുവജന നേതാക്കന്മാരെയും ആദരിച്ചു.

### ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു

'അപ്പം ആയവന്റെ ഒപ്പമായി' ഭദ്രാസന യുവജന സംഗമത്തിന് ആത്മീയമായി ഒരുങ്ങി 2024 ഒക്ടോബർ 5 ന് പൂങ്കാവ് ദൈവാലത്തിൽ വച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. ഭദ്രാസന ഭാരവാഹികൾ, ജില്ലാ ഭാരവാഹികൾ, യുവജനങ്ങൾ, പൂങ്കാവ് വലഞ്ചുഴി ഇടവക അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന കലോത്സവത്തിന്റെ മീഡിയ റൂം ഉദ്ഘാടനം ചെയ്തു.

കുമ്പഴ മൗണ്ട് ബഥനി സ്കൂളിൽ വച്ച് നടത്തപ്പെട്ട എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന കലോത്സവം 'യുവോത്സവം 2സ24' ന്റെ മീഡിയ റൂം പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രോക്യുറേറ്റർ റവ.ഫാ.എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. മത്സരാർത്ഥികൾക്ക് തൽസമയം മത്സരങ്ങളുടെ ഫലങ്ങൾ അറിയുന്നതിനും, മത്സരങ്ങളുടെ സമയക്രമീകരണവും, വിജയികളുടെ വിശദാംശങ്ങളും, ഓവറോൾ പോയിന്റുകൾ നേടിയ യൂണിറ്റുകളുടെയും, ജില്ലകളുടെയും പോയിന്റ് നിലകളും അറിയുവാൻ സാധിക്കും.മത്സരാർത്ഥികളുടെ ചിത്രങ്ങൾ തൽസമയം എടുക്കുന്നതിനും അത് ക്യു ആർ കോഡ് സ്കാൻ ചെയ്യുന്നത് വഴി അവർക്ക് അപ്പോൾ തന്നെ ലഭിക്കുന്ന രീതിയിലും നൂതന വിദ്യ ഉപയോഗിച്ച് മീഡിയ റൂമിൽ നിന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. മത്സരം അവസാനിച്ച് ഫലപ്രഖ്യാപനം നടത്തി മിനിറ്റുകൾക്കകം തന്നെ വിജയികൾക്കായി ലൈവ് സർട്ടിഫിക്കറ്റ് പ്രിന്റിങ്ങും മീഡിയ റൂം വഴി ചെയ്യുന്നു. മത്സരാർത്ഥികൾക്ക് മത്സരഫലങ്ങൾ ലൈവ് ആയി കാണുന്നതിനായി ടെലിവിഷനിലൂടെ സ്കോർ ലൈവ് ടെലികാസ്റ്റിംഗും നടത്തപ്പെടുന്നു. അഞ്ച് വൈദിക ജില്ലകളിൽ നിന്നായി 300 ലേറെ മത്സരാർത്ഥികളാണ് മാർ ഈവാനിയോസ്,മാർ ഗ്രീഗോറിയോസ്,മാർ ബസേലിയോസ് എന്നി മൂന്നു വേദികളിലായി മാറ്റുരച്ചത്.



### എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന കലോത്സവം കോന്നി വൈദിക ജില്ല ഓവറോൾ ചാമ്പ്യൻമാർ.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന കലോത്സവം യുവോത്സവം 2024 കോന്നി വൈദിക ജില്ല ജേതാക്കളായി.പന്തളം,പത്തനംതിട്ട, വൈദിക ജില്ലകൾ ഓവറോൾ രണ്ട്, മൂന്ന് സ്ഥാനങ്ങൾ യഥാക്രമം നേടി. കലാതിലകമായി ഈവ സാറ ജേക്കബ്, സാഹിത്യ പ്രതിഭയായി ജിജോ സി. വൈ, സാഹിത്യ തിലകമായി അജീന പി സക്കറിയ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

നവംബർ 9 ശനി രാവിലെ 8.00 മണി മുതൽ

കുമ്പഴ മൗണ്ട് ബഥനി സ്കൂളിൽ വച്ച് നടത്തപ്പെട്ട കലോത്സവം പത്തനംതിട്ട ഭദ്രാസനത്തിന്റെ വികാരി ജനറാൾ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിലും,വൈകുന്നേരം 6.00 ന് സമാപന സമ്മേളനം പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ.ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയും ഉദ്ഘാടനം ചെയ്തു.വിവിധ വൈദിക ജില്ലകളിൽ നിന്നായി 300 അധികം മത്സരാർത്ഥികൾ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. ക്രമീകരണങ്ങൾക്ക് പത്തനംതിട്ട ഭദ്രാസന സമിതി നേതൃത്വം നൽകി.




## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തപ്പെട്ടു.



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നവംബർ 17,ഞായർ വൈകിട്ട് 3.00 പിഎം മുതൽ സ്പോർട്സിയ 2024 ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തപ്പെട്ടു.ടൂർണമെന്റ് എം. സി.വൈ. എം സഭാതല പ്രസിഡന്റ് ശ്രീ. മോനു ജോസഫ് ഉദ്ഘാടനം ചെയ്തു. ടൂർണമെന്റിൽ അഞ്ച് വൈദിക ജില്ലകളിൽ നിന്നായി 10 ടീമുകൾ പങ്കെടുത്തു. വൈദിക ജില്ലകളിൽ ഒന്ന്,രണ്ട് സ്ഥാനം നേടിയ ടീമുകളാണ് ഭദ്രാസന തലത്തിൽ മത്സരിച്ചത്.പന്തളം വൈദിക ജില്ല **A** ടീം ടൂർണമെന്റിൽ ജേതാക്കളായി.പന്തളം വൈദിക ജില്ല **B** ടീം റണ്ണർ അപ്പ് നേടി. എം.സി.വൈ.എം തട്ട യൂണിറ്റിലെ യുവജനങ്ങൾ പന്തളം **A** ടീംന് വേണ്ടിയും, ചന്ദനപ്പള്ളി,ആറന്മുള യൂണിറ്റിലെ യുവജനങ്ങൾ പന്തളം **B** ടീംന് വേണ്ടിയും മത്സരിച്ചത്, ടൂർണമെന്റിലെ മികച്ച താരമായി തട്ട യൂണിറ്റ് ടീം അംഗം ജിയോ റെജിയും മികച്ച ഗോൾകീപ്പർ ആയി ആറന്മുള യൂണിറ്റ് അംഗം ഷാഹുൽ തോമസും തെരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് എവറോളിംഗ് ട്രോഫിയും,മെഡലും എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ.ഫാ. ജോബ് പതാലിലും,ഭദ്രാസന ജുഡീഷ്യൽ വികാർ റവ.ഫാ. കുര്യാക്കോസ് കുത്തനേത്തും ചേർന്ന് നൽകി. ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം, ജനറൽ സെക്രട്ടറി സുബിൻ തോമസ് എന്നിവർ സംസാരിച്ചു. ക്രമീകരണങ്ങൾക്ക് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി നേതൃത്വം നൽകി.

## FOCUS 2024 - PHOTOGRAPHY CONTEST




യുവോത്സവം 2024 ഭദ്രാസന കലോത്സവത്തോട് ചേർന്ന് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 'കലോത്സവ വേദിയും പരിസരവും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ഫോട്ടോഗ്രാഫി മത്സരത്തിൽ കോന്നി വൈദിക ജില്ലയിലെ വകയാർ യൂണിറ്റ് അംഗം റോണി രാജു സമ്മാനം നേടി.. അഭിനന്ദനങ്ങൾ..

## അഭിനന്ദനങ്ങൾ..




വിൻസെന്റ് ഡി പോൾ സൊസൈറ്റി പത്തനംതിട്ട സി.സിയുടെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന കെ.സി. വൈ.എം സിൻഡിക്കേറ്റ് അംഗം ലിനു വി ഡേവിഡിന് യുവജന കുടുംബത്തിന് പ്രാർത്ഥനാശംസകൾ....

## അഭിനന്ദനങ്ങൾ.




ഈ വർഷത്തെ കേരള സംസ്ഥാന സ്കൂൾ കായി കമേളയിൽ 30 വയസ്സിൽ താഴെയുള്ള അധ്യാപക വിഭാഗത്തിൽ 100 മീറ്റർ ഓട്ടം, ഷോട്ട് പുട്ട് എന്നീ മത്സരങ്ങളിൽ സ്വർണ്ണ മെഡൽ നേടിയ കോന്നി വൈദിക ജില്ലയിലെ പൂ കാവ് യൂണിറ്റ് അംഗം ഈവ സാറ ജേക്കബിന്(ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കായികാധ്യാപിക) യുവജന കുടുംബത്തിന് അഭിനന്ദനങ്ങൾ...



**എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ അഭിവന്ദ്യ പിതാവിനോടും, വികാരി ജനറൽ അച്ചനോടുംമൊപ്പം യുവോത്സവം 2024 ഭദ്രാസന കലോത്സവ വേദിയിൽ**

## സ്റ്റാറ്റസ് മാർച്ച്




സ്വന്തം ഭൂമിയും മണ്ണും സംരക്ഷിക്കാൻ തെരുവിൽ ഇറങ്ങിയ മുനമ്പത്തെ പ്രിയപ്പെട്ടവർക്ക് ഒപ്പം ഞങ്ങളും അണിചേരുന്നു... സ്വന്തം ഭൂമിക്കും മണ്ണിനും മേൽ വഖഫ് നിയമം എന്ന പേരിൽ കൈകടത്തുന്ന അനീതിയുടെ കരങ്ങൾക്കെതിരെ, ജനിച്ച മണ്ണും ജീവിച്ച സാഹചര്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് പടിയിറക്കലിന്റെ വക്കിൽ നിൽക്കുന്ന മുനമ്പം പ്രദേശത്തെ 615 കുടുംബങ്ങളുടെ റവന്യൂ അവകാശങ്ങൾ നഷ്ടപ്പെട്ടതും ജപ്തി

നടപടി ഭീഷണിയിൽ എത്തി നിൽക്കുന്ന അവസ്ഥയും കേരള പൊതുസമൂഹത്തെ ഭീതിയിലാഴ്ത്തുന്നു. മുനമ്പം നിവാസികളുടെ റവന്യൂ അവകാശം പുനസ്ഥാപിക്കുക. മുനമ്പം ഭൂമിയിലുള്ള അവകാശവാദത്തിൽ നിന്നും വഖഫ് ബോർഡ് പിന്മാറുക എന്നാവശ്യത്തിൽ ഉറച്ച് ഭദ്രാസന സമിതിയുടെ നിയന്ത്രണത്തിൽ സാമൂഹ്യ മാധ്യമങ്ങൾ വഴി സ്റ്റാറ്റസ് മാർച്ച് നടത്തപ്പെട്ടു.

## എം.സി.വൈ.എം ബത്തേരി ഭദ്രാസനം സംഘടിപ്പിക്കുന്ന നിരാഹര സമരത്തിനും, പ്രതിഷേധ റാലിക്കും എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഐക്യദാർഢ്യം.




കേരള മനസ്സാക്ഷിയെ ഏറെ നടുക്കിയ ഒരു ദുരന്ത വാർത്തയാണല്ലോ വയനാട് മുണ്ടക്കൈയിൽ ഉണ്ടായ ഉരുൾപൊട്ടൽ. നിരവധി പേരുടെ ജീവനും, ജീവനോപാധിയും നഷ്ടപ്പെട്ട ഈ ദുരന്തത്തിൽ ദ്രുതഗതിയിലുള്ള ഇടപെടലുകൾ നടത്തുന്നതിൽ കേന്ദ്ര-കേരള സർക്കാരുകൾ ഒരേപോലെ വലിയ കാലതാമസം വരുത്തുന്നു.ഇത് മൂലം പ്രദേശത്തെ ആളുകൾ കൂടുതൽ ദുരിതത്തിൽ ആവുകയും ചെയ്യുന്നു. ദുരന്തമേഖലയിൽ അടക്കം ആദ്യം ഓടിയെത്തി അവിടുത്തെ പ്രവർത്തനങ്ങളിൽ മുന്നിട്ട് നിന്ന ഒരു ഭദ്രാസനം കൂടിയാണ് ബത്തേരി ഭദ്രാസനം, ആ പ്രദേശത്തെ ദുരന്തബാധിതരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഈ ഭദ്രാസനത്തിലെ യുവജനങ്ങൾ തന്നെ തന്നെ മുൻകൈയെടുത്ത് നിരാഹാര സമരം അനുഷ്ഠിക്കുന്നു എന്നത് വളരെ ശ്ലാഘനീയമായ കാര്യമാണ്. ദുരന്ത ബാധിതരുടെ പുനരധിവാസം ഉടൻ നടപ്പിലാക്കുക, ദുരിതാശ്വാസ ഫണ്ട് വിനിയോഗം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉടൻ പൂർത്തിയാക്കുക എന്ന ആവശ്യവുമായി ഡിസംബർ 3ന് എം.സി.വൈ.എം ബത്തേരി രൂപത സംഘടിപ്പിക്കുന്ന നിരാഹാര സമരത്തിനും, പ്രതിഷേധ റാലിക്കും എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഐക്യദാർഢ്യം.

## പ്രവാസികൾ ഒറ്റപ്പെട്ടവരല്ല,അവർ ലോകത്തെ മുഴുവൻ ബന്ധിപ്പിക്കുന്ന കണ്ണികൾ : സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2024 ഡിസംബർ 13 ന് വൈകുന്നേരം 8.30 മുതൽ ഓൺലൈൻ പ്രവാസി യൂത്ത് മീറ്റ് സംഘടിപ്പിക്കപ്പെട്ടു.യൂത്ത് മീറ്റ് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ. ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്തു. 'പ്രവാസികൾ ഒറ്റപ്പെട്ടവരല്ല, അവർ ലോകത്തെ മുഴുവൻ ബന്ധിപ്പിക്കുന്ന കണ്ണികൾ ആണെന്നും,പ്രവാസികൾ യുവജന സഭയുടെ ചാലക ശക്തികൾ ആണെന്നും' അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു.ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. പത്തനം തിട്ട ഭദ്രാസനത്തിന്റെ പ്രവാസി പ്രവർത്തനങ്ങളുടെ കോഡിനേറ്റർ റവ.ഫാ. വർഗീസ് കൂത്തിനേത്ത് ആശംസകൾ സംസാരിച്ചു.ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ,ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് വി എൽ,സെക്രട്ടറി ടെനി സജി, കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ് അംഗം അലീന എലിസബത്ത് മാത്യു എന്നിവർ സംസാരിച്ചു. ലോകത്തിന്റെ

വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി യുവജനങ്ങൾ സമ്മേളനത്തിന്റെ ഭാഗമായി പങ്കെടുത്തു.പത്തനംതിട്ട ഭദ്രാസനം 2025 വർഷം ആതിഥേയത്വം വഹിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ വാർഷികവും, സഭാ സംഗമത്തോടും ചേർന്ന് പ്രവാസി യുവജന സംഗമവും,പ്രവാസികളെ ചേർത്ത് തുടർപ്രവർത്തനങ്ങളെ പറ്റി സംസാരിക്കുകയും ചെയ്തു.







## സ്മാഷ് 2k24
## മാർ ഗ്രിഗോറിയോസ് ബാഡ്മിന്റൺ ടൂർണ്ണമെന്റ്



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സ്മാഷ് 2സ24 മാർ ഗ്രിഗോറിയോസ് ബാഡ്മിന്റൺ ടൂർണ്ണമെന്റ് 2024 ഡിസംബർ 14 ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ വടശ്ശേരിക്കര ആഷ്ബി ബാഡ്മിന്റൺ ക്ലബിൽ വച്ച് നടത്തപ്പെട്ടു.ടൂർണമെന്റ് റാന്നി പെരുനാട് വൈദിക ജില്ല വികാരി വെരി.റവ.ഫാ.പോൾ നിലക്കൽ തെക്കേതിൽ ഉദ്ഘാടനം ചെയ്തു. യുവാക്കളുടെ ഡബിൾസിൽ ജോഹാൻ എ ജോർജ് ,ഷാൽവിൻ സജി,ഏറത്തുമ്പമൺ യൂണിറ്റ് വിജയികളായി,ഹെന്റി ജിയോ റെജി, ഷിനു ഷിബു വി .കോട്ടയം യൂണിറ്റ് റണ്ണർ അപ്പ് നേടി.യുവതികളുടെ സിംഗിൾസിൽ ഈവ സാറ ജേക്കബ് പൂങ്കാവ് യൂണിറ്റ്, ബെനിറ്റ ബിജു, ചന്ദനപ്പള്ളി യൂണിറ്റ്,യുവാക്കളുടെ സിംഗിൾസിൽ ജോഹാൻ എ ജോർജ് ഏറത്തുമ്പമൺ യൂണിറ്റ്,ഹെന്റി ജിയോ റെജി,വലഞ്ചുഴി യൂണിറ്റ് എന്നിവർ യഥാക്രമം ഒന്ന്,രണ്ട് സ്ഥാനങ്ങൾ നേടി. വിജയികൾക്ക് വ്യക്തിഗത ട്രോഫിയും, മെഡലും,ഓവറോൾ ട്രോഫിയും ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിലും, ഫാ. എബ്രഹാം മണ്ണിലും, ഫാ. ഡേവിഡ് പേഴുംമൂട്ടിലും ചേർന്ന് നൽകി.ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ,റാന്നി പെരുനാട് വൈദിക ജില്ല അസിസ്റ്റന്റ് ഡയറക്ടർ ഫാ.അജി കുളത്തുംകരോട്ട് എന്നിവവർ സന്നിഹിതരായിരുന്നു. ക്രമീകരണങ്ങൾക്ക് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി നേതൃത്വം നൽകി.

## കണ്ണീരോടെ വിട....




അകാലത്തിൽ വാഹനാപകടത്തിൽ നമ്മെ വിട്ട് വേർപിരിഞ്ഞു പോയ പ്രിയപ്പെട്ട നിഖിൽ ഈപ്പനും, അനു ബിജുവിനും യുവജന കുടുംബത്തിന്റെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ...

ഇവരുടെ പിതാക്കന്മാർ മത്തായി ഈപ്പനും, ബിജു പി.ജോർജും ഈ വാഹനാപകടത്തിൽ മരണപ്പെട്ടു. എല്ലാവരും കോന്നി,പൂങ്കാവ് സെന്റ്.മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിലെ അംഗങ്ങളാണ്.

പ്രിയപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു..

## ഭദ്രാസന സെക്രട്ടറിയേറ്റ് മീറ്റിങ്ങും,ജില്ലാ പ്രസിഡന്റ് - സെക്രട്ടറിമാരുടെ മീറ്റിങ്ങും നടത്തപ്പെട്ടു.



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ സെക്രട്ടറിയേറ്റ് മീറ്റിങ്ങും,ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരുടെ മീറ്റിങ്ങുംഡിസംബർ 8 ഞായർ 2.00 pm മുതൽ ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.


സമിതിയുടെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളും, പ്രവർത്തനങ്ങളെ പറ്റിയുള്ള അവലോകനവും, ചർച്ചയും നടത്തപ്പെട്ടു. മീറ്റിംഗിന് ഭദ്രാസന പ്രസിഡന്റ് ശ്രീ.ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. ഭദ്രാസന ഭാരവാഹികൾ, വൈദിക ജില്ല പ്രസിഡന്റ്,സെക്രട്ടറിമാർ എന്നിവർ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

## SPORTSIA 2k24






എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട **SPORTSIA 2k24** ടൂർണമെന്റിലെ മികച്ച താരമായി പന്തളം വൈദിക ജില്ലയിലെ തട്ട യൂണിറ്റ് അംഗം ജിയോ റെജിയും മികച്ച ഗോൾകീപ്പർ ആയി ആറന്മുള യൂണിറ്റ് അംഗം ഷാഹുൽ തോമസും തെരഞ്ഞെടുക്കപ്പെട്ടു.












www.malankaralibrary.com

